# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## ഒഞ്ചിയം ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

2020-2021

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കോഴിക്കോട്-673020

ഇ-മെയിൽ: dokkd.ksad@kerala.gov.in

ഫോൺ : 0495-2371012

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ.എസ്.എ.കെ.കെ.ഡി.പി6/999/2022

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കോഴിക്കോട്-673020
തീയ്യതി: 16/06/2022
ഇ-മെയിൽ: dokkd.ksad@kerala.gov.in
ഫോൺ: 0495-2371012

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
ഒഞ്ചിയം ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : ഒഞ്ചിയം ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം ഒഞ്ചിയം ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1,3 എന്നിവയിലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കോഴിക്കോട്.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ.എസ്.എ.കെ.കെ.ഡി.പി6/999/2022 തീയ്യതി: 16/06/2022

## കോഴിക്കോട് ജില്ലയിലെ ഒഞ്ചിയം ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

കോഴിക്കോട് ജില്ലയിലെ ഒഞ്ചിയം ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 04-03-2021 മുതൽ 31-03-2022 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 24 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 1 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീ. എം. വാസുദേവൻ | ഡെപ്യൂട്ടി ഡയറക്ടർ (ഹ.ഗ്രേ) | 06-06-2022 | 10-06-2022 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|
| 06-06-2022 | 10-06-2022 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീ.ഹരി കെ.പി, ഓഡിറ്റ് ഓഫീസർ(ഹ.ഗ്രേ.)
ശ്രീമതി.ഷൈന എ.കെ, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
ശ്രീ.രാമദാസ് എം, അസി.ഓഡിറ്റ് ഓഫീസർ
ശ്രീമതി ലത.ടി.കെ, സീനിയർ ഗ്രേഡ് ഓഡിറ്റർ
ശ്രീമതി.ജിഷ പി, ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീമതി. കവിത. പി. വി | പ്രസിഡന്റ് | 01-04-2020 | 30-11-2020 |
| ശ്രീ.പി.ശ്രീജിത്ത് | പ്രസിഡന്റ് | 01-12-2020 | 31-03-2021 |
| ശ്രീ. രാജീവൻ. ടി | സെക്രട്ടറി | 01-04-2020 | 31-03-2021 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീ. രാജൻ. കെ.എം | അസി. സെക്രട്ടറി | 01-04-2020 | 31-03-2021 |
| ഡോ. ശ്യാം സുന്ദർ | മെഡിക്കൽ ഓഫീസർ(ആയുർവേദം) | 01-04-2020 | 31-03-2021 |
| ഡോ. പ്രീത. വി. കെ | മെഡിക്കൽ ഓഫീസർ(ഹോമിയോ) | 01-04-2020 | 31-03-2021 |
| ശ്രീ.അനിൽ കുമാർ | ഫിഷറീസ് ഇൻസ്പെക്ടർ | 01-04-2020 | 31-03-2021 |
| ഡോ. സിനി. പി | വെറ്ററിനറി സർജൻ | 01-04-2020 | 31-03-2021 |
| ശ്രീമതി. സന്ധ്യ. പി. ടി | കൃഷി ഓഫീസർ | 01-04-2020 | 31-03-2021 |
| ശ്രീമതി. പ്രസീത. ചക്കാന്തൊടി | ഐ.സി.ഡി.എസ് സൂപ്പർവൈസർ | 01-04-2020 | 22-11-2020 |
| ശ്രീമതി.ലിമിന.എ.ടി | ഐ.സി.ഡി.എസ് സൂപ്പർവൈസർ | 23-11-2020 | 18-01-2021 |
| ശ്രീമതി.രജനി.പി | ഐ.സി.ഡി.എസ് സൂപ്പർവൈസർ | 19-01-2021 | 31-03-2021 |
| ശ്രീ. ശ്രീജിത്ത്. പി | ഡയറി എക്സ്റ്റൻഷൻ ഓഫീസർ | 01-04-2020 | 31-03-2021 |
| ശ്രീ. അശ്വിൻ. ബി | അസി. എഞ്ചിനീയർ | 01-04-2020 | 30-06-2020 |
| ശ്രീമതി.ഷീന.സി.എം | അസി. എഞ്ചിനീയർ | 01-07-2020 | 31-03-2021 |
| ശ്രീമതി.ദീപ.ഇ | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ | 01-04-2020 | 31-03-2021 |
| ഡോ. ഹരീഷ്. ഡി. ആർ | മെഡിക്കൽ ഓഫീസർ(പി. എച്ച്.സി) | 01-04-2020 | 31-03-2021 |

## ഉള്ളടക്കം


| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ്<br>Written By: Jisha.P (Auditor, On 10-06-2022)<br>Last Updated By: Vasudevan M (Deputy Director, On 15-06-2022) | 1-1 |
| 2 | വാർഷിക കണക്കിലെ അപാകതകൾ<br>Written By: Jisha.P (Auditor, On 10-06-2022)<br>Last Updated By: Vasudevan M (Deputy Director, On 15-06-2022) | 1-2 |
| 3 | സാമ്പത്തിക വിശകലനം<br>Written By: Jisha.P (Auditor, On 10-06-2022)<br>Last Updated By: Vasudevan M (Deputy Director, On 15-06-2022) | 1-3 |
| 4 | ഫണ്ട് വിനിയോഗം<br>Written By: Jisha.P (Auditor, On 11-06-2022)<br>Last Updated By: Vasudevan M (Deputy Director, On 15-06-2022) | 1-4 |
| 5 | പദ്ധതി അവലോകനം<br>Written By: Jisha.P (Auditor, On 11-06-2022)<br>Last Updated By: Vasudevan M (Deputy Director, On 15-06-2022) | 1-5 |
| 6 | ക്ഷേമ പദ്ധതികൾ<br>Written By: Jisha.P (Auditor, On 10-06-2022)<br>Last Updated By: Vasudevan M (Deputy Director, On 15-06-2022) | 1-6 |
| 7 | ക്യാഷ് പരിശോധന<br>Written By: Jisha.P (Auditor, On 10-06-2022)<br>Last Updated By: Vasudevan M (Deputy Director, On 15-06-2022) | 1-7 |
| 8 | സ്പിൽ ഓവർ പ്രോജക്ടുകൾക്ക് ലഭിച്ച അധികവിഹിതം എ.സി.ആറിൽ ഉൾപ്പെടുത്തിയില്ല<br>Written By: Jisha.P (Auditor, On 10-06-2022)<br>Last Updated By: Vasudevan M (Deputy Director, On 15-06-2022) | 1-8 |
| 9 | മൊബൈൽ ടവറിന് സെക്രട്ടറി അനുവദിച്ച പെർമിറ്റ് റദ്ദ് ചെയ്തു ഭരണസമിതിയുടെ നടപടി ക്രമവിരുദ്ധം<br>Written By: T.K.Latha (Senior Grade Auditor, On 11-06-2022)<br>Last Updated By: Vasudevan M (Deputy Director, On 15-06-2022) | 1-9 |
| 10 | പെർമിറ്റ് അനുവദിച്ച കെട്ടിടത്തിന് നമ്പർ നൽകുന്ന വേളയിൽ പെർമിറ്റ് റദ്ദ് ചെയ്തു.<br>Written By: T.K.Latha (Senior Grade Auditor, On 11-06-2022)<br>Last Updated By: Vasudevan M (Deputy Director, On 15-06-2022) | 1-10 |
| 11 | വസ്തുനികുതി നിർണ്ണയത്തിലെ അപാകതമൂലം നഷ്ടം ആവർത്തിക്കപ്പെടുന്നു.<br>Written By: T.K.Latha (Senior Grade Auditor, On 11-06-2022)<br>Last Updated By: Vasudevan M (Deputy Director, On 15-06-2022) | 1-11 |
| 12 | വേക്കൻസി റെമിഷൻ അപേക്ഷ ലഭിച്ച തിയതിക്കു മുമ്പെ നികുതി ഇളവ് അനുവദിച്ചു<br>Written By: T.K.Latha (Senior Grade Auditor, On 11-06-2022)<br>Last Updated By: Vasudevan M (Deputy Director, On 15-06-2022) | 1-12 |
| 13 | ഡേഞ്ചേഴ്സ് ലിസ്റ്റ് പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല.<br>Written By: T.K.Latha (Senior Grade Auditor, On 11-06-2022)<br>Last Updated By: Vasudevan M (Deputy Director, On 15-06-2022) | 1-13 |
| 14 | മാർഗ്ഗരേഖയ്ക്ക് വിരുദ്ധമായി പദ്ധതി തയ്യാറാക്കി നടപ്പിലാക്കി- 106500 രൂപ അധികം ചെലവഴിച്ചു<br>Written By: Shyna A.K (Asst. Audit Officer, On 12-06-2022)<br>Last Updated By: Vasudevan M (Deputy Director, On 15-06-2022) | 1-14 |
| 15 | ഉപയോഗ യോഗ്യമല്ലാത്ത കമ്പ്യൂട്ടറുകൾക്ക് AMC- പാഴ് ചെലവ് | 1-15 |

| | | |
|---|---|---|
| | Written By: Shyna A.K (Asst. Audit Officer, On 12-06-2022)<br>Last Updated By: Vasudevan M (Deputy Director, On 16-06-2022) | |
| 16 | അങ്കണവാടികൾക്ക് അനുപൂരക പോഷകാഹാരം- പദ്ധതി നടത്തിപ്പിലെ അപാകതകൾ<br>Written By: Shyna A.K (Asst. Audit Officer, On 12-06-2022)<br>Last Updated By: Vasudevan M (Deputy Director, On 16-06-2022) | 1-16 |
| 17 | പദ്ധതി നിർവ്വഹണത്തിന്റെ രേഖകൾ പൂർണമായി പരിശോധനയ്ക്ക് ഹാജരാക്കിയില്ല<br>Written By: Shyna A.K (Asst. Audit Officer, On 13-06-2022)<br>Last Updated By: Vasudevan M (Deputy Director, On 15-06-2022) | 1-17 |
| 18 | ജനകീയഹോട്ടൽ-വാടകനിശ്ചയിച്ചതിലെ അപാകതകൾ<br>Written By: RAMDAS M. (Asst. Audit Officer, On 10-06-2022)<br>Last Updated By: Vasudevan M (Deputy Director, On 15-06-2022) | 1-18 |
| 19 | മഴക്കാല പൂർവ്വ ശുചീകരണം - പദ്ധതി നടപ്പിലാക്കിയതിന്റെ വിവരം ലഭ്യമല്ല.<br>Written By: T.K.Latha (Senior Grade Auditor, On 11-06-2022)<br>Last Updated By: Vasudevan M (Deputy Director, On 15-06-2022) | 1-19 |
| 20 | അസിസ്റ്റന്റ് എഞ്ചിനീയർ യഥാസമയം പദ്ധതി നടപ്പാക്കിയില്ല – 90 ലക്ഷത്തിലധികം പദ്ധതിപ്പണം പാഴായി<br>Written By: Hari. K.P (Audit Officer (HG), On 12-06-2022)<br>Last Updated By: Vasudevan M (Deputy Director, On 15-06-2022) | 1-20 |
| 21 | മരാമത്ത് പ്രവൃത്തി ഫയലിൽ കാണുന്ന അപാകതകൾ<br>Written By: Hari. K.P (Audit Officer (HG), On 12-06-2022)<br>Last Updated By: Vasudevan M (Deputy Director, On 15-06-2022) | 1-21 |
| 22 | പഞ്ചായത്ത് ഓഫീസിലേക്ക് കമ്പ്യൂട്ടർ, പ്രിന്റർ വാങ്ങൽ പദ്ധതി -പണം നൽകി ഒരു വർഷം കഴിഞ്ഞിട്ടും 2 കമ്പ്യൂട്ടറുകൾ ലഭിച്ചിട്ടില്ല.<br>Written By: Shyna A.K (Asst. Audit Officer, On 12-06-2022)<br>Last Updated By: Vasudevan M (Deputy Director, On 15-06-2022) | 1-22 |
| 23 | മിനി എം.സി.എഫ് സ്ഥാപിക്കൽ-മാനദണ്ഡം പാലിക്കാതെ പദ്ധതിതുക കൈമാറി<br>Written By: RAMDAS M. (Asst. Audit Officer, On 10-06-2022)<br>Last Updated By: Vasudevan M (Deputy Director, On 15-06-2022) | 1- 23 |
| 24 | ഹോമിയോ മരുന്നുകൾ സമയ ബന്ധിതമായി ലഭ്യമാക്കുന്നില്ല- അധിക വില നൽകേണ്ടി വരുന്നു,ആവശ്യ മുള്ളത്ര മരുന്നുകൾ ലഭിക്കുന്നില്ല.<br>Written By: Shyna A.K (Asst. Audit Officer, On 12-06-2022)<br>Last Updated By: Vasudevan M (Deputy Director, On 15-06-2022) | 1-24 |
| 25 | അങ്കണവാടികൾ ആധുനിക വൽക്കരിക്കൽ പദ്ധതി (ക്രാഡിൽ) അങ്കണവാടികൾ പെയിന്റ് ചെയ്ത് ചിത്രങ്ങൾ വരക്കൽ-ആസൂത്രണത്തിലെ പാളിച്ച പദ്ധതി നടപ്പാക്കിയതിലെ അപാകതകൾ<br>Written By: Shyna A.K (Asst. Audit Officer, On 12-06-2022)<br>Last Updated By: Vasudevan M (Deputy Director, On 15-06-2022) | 1-25 |
| 26 | ആർദ്രം പദ്ധതി പ്രകാരം ഫാർമസിസ്റ്റിനെ നിയമിച്ചു-പദ്ധതി ആരംഭിച്ചില്ല<br>Written By: RAMDAS M. (Asst. Audit Officer, On 10-06-2022)<br>Last Updated By: Vasudevan M (Deputy Director, On 15-06-2022) | 1-26 |
| 27 | ഹരിതകർമ്മസേന-വയബിലിറ്റി ഗ്യാപ് ഫണ്ട് നൽകൽ സുതാര്യമല്ല.<br>Written By: RAMDAS M. (Asst. Audit Officer, On 10-06-2022)<br>Last Updated By: Vasudevan M (Deputy Director, On 15-06-2022) | 1-27 |
| 28 | മരുന്നുകൾ സമയബന്ധിതമായി ലഭ്യമാക്കിയില്ല.<br>Written By: RAMDAS M. (Asst. Audit Officer, On 10-06-2022)<br>Last Updated By: Vasudevan M (Deputy Director, On 15-06-2022) | 1- 28 |
| 29 | പൊളിച്ചുമാറ്റാൻ പാകത്തിലുള്ള പ്രാഥമികാരോഗ്യ കേന്ദ്രം കെട്ടിടം റി | 1-29 |

| | | |
|---|---|---|
| | വയറിങ്ങ് നടത്തി വികസന ഫണ്ട് പാഴാക്കി<br>Written By: Shyna A.K (Asst. Audit Officer, On 12-06-2022)<br>Last Updated By: Vasudevan M (Deputy Director, On 15-06-2022) | |
| 30 | റെയിൽവേ ലവൽ ക്രോസിംഗ് -മെയിന്റനൻസ് ചാർജ്ജ് സർക്കാർ ഗ്രാന്റ് കുടിശ്ശിക<br>Written By: T.K.Latha (Senior Grade Auditor, On 12-06-2022)<br>Last Updated By: Vasudevan M (Deputy Director, On 15-06-2022) | 1-30 |
| 31 | ഓഡിറ്റ് ഇംപാക്ട്- പോട്ടിംഗ് മിശ്രിതം നിറച്ച മൺചട്ടി-യൂണിറ്റ് കോസ്റ്റിനേക്കാൾ അധികം നൽകിയ തുക തിരിച്ചടവാക്കി.<br>Written By: RAMDAS M. (Asst. Audit Officer, On 10-06-2022)<br>Last Updated By: Vasudevan M (Deputy Director, On 15-06-2022) | 1-31 |
| | **ഭാഗം 2** | |
| | --- No Records Found --- | |
| | **ഭാഗം 3** | |
| 1 | മാർഗ്ഗരേഖയ്ക്ക് വിരുദ്ധമായി പദ്ധതി തയ്യാറാക്കി നടപ്പിലാക്കി- 106500 രൂപ അധികം ചെലവഴിച്ചു<br>Written By: Shyna A.K (Asst. Audit Officer, On 12-06-2022)<br>Last Updated By: Vasudevan M (Deputy Director, On 15-06-2022) | 3-1 |
| 2 | ഉപയോഗ യോഗ്യമല്ലാത്ത കമ്പ്യൂട്ടറുകൾക്ക് AMC- പാഴ് ചെലവ്<br>Written By: Shyna A.K (Asst. Audit Officer, On 12-06-2022)<br>Last Updated By: Vasudevan M (Deputy Director, On 15-06-2022) | 3-2 |
| | **ഭാഗം 4** | |
| 1 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം<br>Written By: Jisha.P (Auditor, On 10-06-2022)<br>Last Updated By: Vasudevan M (Deputy Director, On 15-06-2022) | 4-1 |
| 2 | സംയുക്ത പ്രോജക്ടുകൾക്ക ലഭിച്ച ഫണ്ട് വിനിയോഗം<br>Written By: Jisha.P (Auditor, On 11-06-2022)<br>Last Updated By: Vasudevan M (Deputy Director, On 15-06-2022) | 4-2 |
| 3 | നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ<br>Written By: Jisha.P (Auditor, On 10-06-2022)<br>Last Updated By: Vasudevan M (Deputy Director, On 15-06-2022) | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ<br>Written By: Jisha.P (Auditor, On 10-06-2022)<br>Last Updated By: Vasudevan M (Deputy Director, On 15-06-2022) | 4-4 |
| 5 | വായ്പ / വായ്പാതിരിച്ചടവ്<br>Written By: Jisha.P (Auditor, On 10-06-2022)<br>Last Updated By: Vasudevan M (Deputy Director, On 15-06-2022) | 4-5 |
| 6 | സ്ഥിര നിക്ഷേപം<br>Written By: Jisha.P (Auditor, On 10-06-2022)<br>Last Updated By: Jisha.P (Auditor, On 10-06-2022) | 4-6 |
| 7 | ഓഡിറ്റ് റിക്കവറി<br>Written By: Jisha.P (Auditor, On 10-06-2022)<br>Last Updated By: Vasudevan M (Deputy Director, On 15-06-2022) | 4-7 |
| 8 | സമാഹൃത ഓഡിറ്റ് റിപ്പോർട്ട്<br>Written By: Jisha.P (Auditor, On 10-06-2022)<br>Last Updated By: Vasudevan M (Deputy Director, On 15-06-2022) | 4-8 |
| 9 | ചാർജ് /സർചാർജ് നടപടികളുടെ വിവരം<br>Written By: Jisha.P (Auditor, On 10-06-2022)<br>Last Updated By: Vasudevan M (Deputy Director, On 15-06-2022) | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം<br>Written By: Jisha.P (Auditor, On 13-06-2022) | 4-10 |

| | | |
|---|---|---|
| | Last Updated By: Vasudevan M (Deputy Director, On 15-06-2022) | |
| 11 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ<br>Written By: Jisha.P (Auditor, On 10-06-2022)<br>Last Updated By: Vasudevan M (Deputy Director, On 15-06-2022) | 4-11 |
| അനുബന്ധം | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

## ഭാഗം -1

## പൊതു അവലോകനം

### 1-1 ബജറ്റ്

ഒഞ്ചിയം ഗ്രാമപഞ്ചായത്ത് ഭരണസമിതിയുടെ 27.3.20 തിയ്യതിയിലെ 1/57/2020 നമ്പർ തീരുമാന പ്രകാരം അംഗീകരിച്ച 2020-21 വർഷത്തെ ബജറ്റിന്റെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു. പുതുക്കിയ ബജറ്റ് 19.02.2021 ലെ ഭരണസമിതി തീരുമാന നമ്പർ 1/39/2021 പ്രകാരവും അംഗീകരിച്ചു.

അംഗീകരിക്കപ്പെട്ട ബജറ്റിന്റെ വിശദാംശം താഴെ കൊടുക്കുന്നു.

| | |
|---|---|
| മുന്നിരിപ്പ് | 10855255 |
| വരവ് | 137893400 |
| ചെലവ് | 137012350 |
| നീക്കിയിരിപ്പ് | 11736305 |

ബജറ്റിൽ വകയിരുത്തിയ തുകക്ക് കൂടുതലോ ഉൾപ്പെടാത്ത ഇനത്തിലോ ചെലവഴിക്കുമ്പോൾ പുതുക്കിയ / സപ്ലിമെന്ററി ബജറ്റ് അംഗീകരിച്ച മാത്രമേ തുക ചെലവഴിക്കാവൂ . കേരള പഞ്ചായത്ത് രാജ് ആക്ട് സെക്ഷൻ 214 (5) പ്രകാരം ബജറ്റിൽ ഉൾപ്പെടാത്ത ഇനത്തിന് തുക ചെലവഴിക്കുമ്പോൾ തൊട്ടടുത്ത ഭരണസമിതി യോഗത്തിൽ പുതുക്കിയ / സപ്ലിമെന്ററി ബജറ്റ് അവതരിപ്പിച്ച് പാസാക്കേണ്ടതാണ് .

ബജറ്റ് പ്രൊവിഷൻ അധികരിച്ച് ചെലവ് ചെയ്തത് പോലെ വളരെ കുറഞ്ഞ വരവ്/ചെലവുകളും വന്നിട്ടുണ്ട്. കൃത്യതയില്ലായ്മയുടെ വെളിവാക്കുന്ന ചില ഉദാഹരണങ്ങൾ താഴെ കൊടുക്കുന്നു

| ക്രമ നമ്പർ | ഹെഡ് | ബജറ്റ് പ്രൊവിഷൻ | പുതുക്കിയ ബജറ്റ് പ്രൊവിഷൻ | വാർഷിക കണക്ക് പ്രകാരമുള്ളത് |
|---|---|---|---|---|
| 1 | 110 | 8300000 | 8417500 | 8781854 |
| 2 | 180 | 35000 | 10163639 | 550 |
| 3 | 210 | 1,36,90,000 | - | 1,03,94,494 |
| 4 | 220 | 16,85,000 | - | 10,16,169 |
| 5 | 230 | 4825000 | - | 1841241 |
| 6 | 251 | 31969350 | - | 27333512 |
| 7 | 252 | - | 10150800 | 1139069 |

| | | | | |
|---|---|---|---|---|
| 8 | 253 | 55678 | 375332 | 1712608 |
| 9 | 254 | 5,00,00,000 | – | 55390540 |
| 10 | 255 | 5648000 | 8711343 | 5930161 |
| 11 | 256 | – | 1600000 | 2596106 |

ബജറ്റ് രേഖകൾ തയ്യാറാക്കിയിട്ടില്ല

ബജറ്റിന്റെ ഭാഗമായി തയ്യാറാക്കേണ്ട ബജറ്റ് നോട്ട്, വർക്ക് ഷീറ്റുകൾ, ജന്റർ ബജറ്റ്, പെർഫോമൻസ് ബജറ്റ് എന്നിവ തയ്യാറാക്കിയിട്ടില്ല. ഇത് കൊണ്ട് തന്നെ ബജറ്റ് അപൂർണ്ണമാണെന്ന കാണാം. തുടർ വർഷങ്ങളിൽ അപാകതകളില്ലാതെ ബജറ്റ് തയ്യാറാക്കി പരിശോധനയ്ക്ക് നല്കേണ്ടതുമാണ്.

ബജറ്റ് രൂപീകരണ പ്രക്രിയയിൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ ബജറ്റ് മാന്വലിലും പഞ്ചായത്ത് രാജ് നിയമങ്ങളിലും പരാമർശിക്കുന്ന നടപടിക്രമങ്ങൾ പാലിക്കപ്പെടുന്നുണ്ട് എന്ന് സെക്രട്ടറിയും ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയും ഉറപ്പ് വരുത്തേണ്ടതാണ്.

1-2 വാർഷിക കണക്കിലെ അപാകതകൾ

2020-21 വർഷത്തെ വാർഷിക കണക്ക് , അനുബന്ധ രജിസ്റ്ററുകൾ, സാംഖ്യ റിപ്പോർട്ടുകൾ എന്നിവ പരിശോധിച്ചതിൽ നിന്നും താഴെ പറയുന്ന അപാകതകൾ കാണുന്നു.

1. ബാലൻസ് ഷീറ്റ് B 18 ഷെഡ്യൂൾ പ്രകാരമുള്ള തുകകൾ ക്രമീകരിച്ചിട്ടില്ല.

അഡ്വാൻസ് രജിസ്റ്റർ പ്രകാരം ഫെസ്റ്റിവൽ അഡ്വാൻസ് ഇനത്തിൽ 27.8.20 ന് പ്രീത.കെ..ടി.കെ യ്ക്ക് 15000 രൂപ നൽകിയതിൽ 12000 രൂപ തിരികെ ലഭിക്കാനുണ്ട്.

Advance To Implementing Agencies KSEB യ്ക്ക് 20.3.18 തെരുവ് വിളക്ക് ലൈൻ വലിക്കൽ ഇനത്തിൽ നൽകിയ 1013185/-, 2018-19 വർഷം തെരുവ് വിളക്ക് മീറ്റർ സ്ഥാപിക്കൽ എന്ന പദ്ധതിയ്ക്ക് നൽകിയ 776936, 144027, 106133 തുകകൾ ഇത് വരെ ക്രമീകരിച്ചിട്ടില്ല.

Advance To Implementing Agencies കേരള വാട്ടർ അതോറിറ്റിയ്ക്ക് 2017-18 ൽ പൈപ്പ് ലൈൻ എക്സ്റ്റൻഷൻ നൽകിയ ഡെപ്പോസിറ്റ് തുക (146437 രൂപ) ഇതു വരെ ക്രമീകരിച്ചിട്ടില്ല.

2. 2019-20 വർഷം എ.ഇ നിർവ്വഹണം ചെയ്ത 7 പദ്ധതികൾക്കായി ഊരാളുങ്കൽ ലേബർ കോൺട്രാക്റ്റ് സൊസൈറ്റിയ്ക്ക് 7,39,800 രൂപ അഡ്വാൻസായി നൽകുകയും 2020-21 വർഷം മുൻകൂർ ക്രമീകരിക്കുകയും ചെയ്തിട്ടുണ്ട്. എന്നാൽ അഡ്വാൻസ് തുക നൽകിയതിന്റെ വിവരം 31.3.20 ലെ ബാലൻസ്ഷീറ്റ് ബി 18 ഉൾപ്പെടുത്താതിരുന്നതിനാൽ 1.4.20 ൽ പ്രസ്തുത അഡ്വാൻസ് വിവരങ്ങൾ അക്കൗണ്ടിൽ ലഭ്യമല്ല.

3. പഞ്ചായത്ത് നൽകിയിട്ടുള്ളതും മൂന്ന് മാസത്തിലധികമായി ക്യാഷ് ചെയ്യാത്തതുമായ താഴെ പറയുന്ന ചെക്കുകൾ Liability In Respect Of Stale Cheque എന്ന ശീർഷകത്തിലേക്ക് മാറ്റിയിട്ടില്ല.

| അക്കൗണ്ട് | വൗച്ചർ നം. | ചെക്ക് നം, തീയതി | തുക |
|---|---|---|---|
| ഒഞ്ചിയം സർവ്വീസ് കോ-ഓപ്പറേറ്റീവ് ബാങ്ക് A/c No. 102020002140 | 22000464 | 202021322/8.10.20 | 2919 |
| | 22000557 | 202021409/6.11.20 | 3540 |

| | | | |
|---|---|---|---|
| | 22000567 | 202021417/11.11.20 | 350 |
| | 22000568 | 202021418/11.11.20 | 6492 |
| | 22000569 | 202021418/11.11.20 | 1010 |
| | 22000570 | 202021419/11.11.20 | 868 |

4. 3 വർഷ കാലാവധി പിന്നിട്ട ഡെപ്പോസിറ്റുകൾ, നിരതദ്രവ്യം എന്നിവ തനത് ഫണ്ടിലേക്ക് മുതൽക്കൂട്ടിയില്ല (ഉദാ: Contractors Emd, Bidders Emd,suppliers Security Deposit,contractors Security Deposit, Other Deposits)

5. വിവിധ സംയുക്ത പദ്ധതികൾക്കായിട്ടുള്ള ബ്ലോക്ക് പഞ്ചായത്ത്, ജില്ലാ പഞ്ചായത്ത് വിഹിതം പൂർണ്ണമായി ചെലവഴിക്കാതെ പഞ്ചായത്ത് ഫണ്ടിൽ സൂക്ഷിച്ചിരിക്കുന്നു. വാർഷികകണക്ക് ബി-4 ഷെഡ്യൂൾ എന്നിവ പ്രകാരം ബ്ലോക്ക് പഞ്ചായത്ത് വിഹിതം, ജില്ലാ പഞ്ചായത്ത് വിഹിതം ഇനത്തിൽ (റവന്യൂ, ക്യാപിറ്റൽ) ആകെ 831492/- രൂപ നീക്കിയിരിപ്പുണ്ട്.

6. എ.സി.ആർ പ്രകാരം എസ്.സി.പി ഫണ്ടിന്റെ ബാലൻസ് നെഗറ്റീവ് ആയി കാണിച്ചിരിക്കുന്നു.

മേൽ അപാകതകൾക്ക് വിശദീകരണം നൽകേണ്ടതാണെന്ന് ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. അപാകതകൾ പരിഹരിക്കേണ്ടതാണ്.

## 1-3 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 28153565 |
| വരവ് | 70803064 |
| ആകെ | 98956629 |
| ചെലവ് | 67118133 |
| നീക്കിയിരിപ്പ് | 31838496 |

## 1-4 ഫണ്ട് വിനിയോഗം

| ഫണ്ടിനം | ഒ.ബി | വരവ് | ആകെ | ചെലവ് | സി.ബി/ ലാപ്സായ തുക |
|---|---|---|---|---|---|
| വികസന ഫണ്ട് -ജനറൽ (ACR പ്രകാരം) | 0 | 10181400 | 10181400 | 10109711 | 71689 |

| | | | | | |
|---|---|---|---|---|---|
| വികസന ഫണ്ട്- എസ്.സി.പി (ACR പ്രകാരം) | 0 | 947000 | 947000 | 1036140 | -89140 |
| മെയിന്റനൻസ്, റോഡ് (ACR പ്രകാരം) | 0 | 6438000 | 6438000 | 6324535 | 113465 |
| മെയിന്റനൻസ്, നോൺ-റോഡ് (ACR പ്രകാരം) | 0 | 3721971 | 3721971 | 1457484 | 2264487 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് (ACR പ്രകാരം) | 0 | 10945244 | 10945244 | 7205962 | 3739282 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ പെർഫോമൻസ് ഗ്രാന്റ് | 0 | 4980000 | 4980000 | 2594030 | 2385970 |
| സാക്ഷരത | 23560 | 751 | 24311 | 0 | 24311 |
| കേന്ദ്രാവിഷ്കൃത ഫണ്ട് എെ.സി.ഡി.എസ് | 1050240 | 1397110 | 2447350 | 1885593 | 561757 |
| എം.എൻ.ആർ.ഇ.ജി.എസ് | 278191 | 871592 | 1149783 | 1056374 | 93409 |

## 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|

| | | | | | |
|---|---|---|---|---|---|
| 159 | 60383696 | 111 | 35640299 | 48 | 69% |

| നിർവ്വഹണ ഉദ്യോഗസ്ഥർ | പദ്ധതികളുടെ എണ്ണം | നടപ്പാക്കിയത് | ആകെ അടങ്കൽ തുക | ചെലവഴിച്ച തുക | ചെലവ് % |
|---|---|---|---|---|---|
| കൃഷി ഓഫീസർ | 14 | 13 | 2915026 | 2309652 | 79% |
| വെറ്ററിനറി സർജൻ | 8 | 8 | 1241230 | 777184 | 63% |
| മെഡിക്കൽ ഓഫീസർ (പി.എച്ച്.സി) | 7 | 6 | 2685000 | 1216064 | 45% |
| മെഡിക്കൽ ഓഫീസർ – ഹോമിയോ | 1 | 1 | 100000 | 100000 | 100% |
| മെഡിക്കൽ ഓഫീസർ – ആയുർവ്വേദം | 1 | 1 | 500000 | 500000 | 100% |
| സബ് ഇൻസ്പെക്ടർ ഓഫ് ഫിഷറീസ് | 4 | 2 | 1269000 | 123992 | 10% |
| വില്ലേജ് എക്സ്റ്റെൻഷൻ ഓഫീസർ | 17 | 11 | 13054472 | 5428462 | 42% |
| ഐ.സി.ഡി.എസ് സൂപ്പർവൈസർ | 8 | 6 | 7078734 | 6268028 | 89% |
| ഡയറി എക്സ്റ്റെൻഷൻ | 2 | 2 | 1080000 | 471688 | 44% |

| | | | | | |
|---|---|---|---|---|---|
| ഓഫീസർ | | | | | |
| സെക്രട്ടറി | 15 | 13 | 4552075 | 2941810 | 65% |
| അസിസ്റ്റന്റ് എഞ്ചിനീയർ | 71 | 40 | 23650659 | 14258615 | 60% |
| അസിസ്റ്റന്റ് സെക്രട്ടറി | 11 | 8 | 2257500 | 1244804 | 55% |

## 1-6 ക്ഷേമ പദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമപദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 1440 | 2 |
| കർഷകതൊഴിലാളി പെൻഷൻ | 5552800 | 382 |
| വിധവാപെൻഷൻ | 16579800 | 1144 |
| വാർദ്ധക്യകാല പെൻഷൻ | 27268100 | 2422 |
| വികലാംഗപെൻഷൻ | 4309700 | 290 |
| 50 വയസ്സിന് മുകളിലുള്ള അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ | 1488700 | 97 |
| വിധവകളുടെ പെൺമക്കൾക്കുള്ള വിവാഹധനസഹായം | 180000 | 6 |

1-7 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 7.6.2022 ന് സ്ഥാപന തലവന്റെ/ ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 3063/- രൂപ ക്യാഷ് നീക്കിയിരിപ്പ് ബോദ്ധ്യപ്പെട്ടു.

1-8 സ്പിൽ ഓവർ പ്രോജക്റ്റുകൾക്ക് ലഭിച്ച അധികവിഹിതം എ.സി.ആറിൽ ഉൾപ്പെടുത്തിയില്ല

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ 2019-20 വാർഷിക പദ്ധതിയിൽ നിർവ്വഹണം പൂർത്തിയാക്കാത്ത പ്രോജക്ടുകൾ 2020-21 വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി നടപ്പാക്കുന്നതിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ 31.3.20 ലെ സ.ഉ. (സാധാ)നം.724/2020/ത.സ്വ.ഭ.വ. പ്രകാരം പുറപ്പെടുവിച്ചിരുന്നു. ടി ഉത്തരവിൽ ഖണ്ഡിക 1.2 പ്രകാരം 2019-20ൽ അനുവദിച്ച തുക പൂർണ്ണമായി ചെലവഴിക്കാൻ കഴിയാത്ത തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ സ്പിൽ ഓവർ പൂർത്തിയാക്കുന്നതിന് 2020-21 ലെ ബജറ്റ് വിഹിതത്തിന് ഉപരിയായി അധിക തുക അനുവദിക്കുന്നതാണെന്ന് ഉത്തരവായിരുന്നു. ആയതിന്റെ അടിസ്ഥാനത്തിൽ സ.ഉ.(സാധാ)നം.2904/2021/ധന തിയ്യതി 25.3.21 പ്രകാരം വിവിധ ഗ്രാമപഞ്ചായത്തുകൾക്ക് അനുവദിച്ച അധിക വിഹിതത്തിൽ ഒഞ്ചിയം ഗ്രാമപഞ്ചായത്തിന് വികസന ഫണ്ട് (പ്രത്യേക ഘടക പദ്ധതി) 1,18,375 രൂപ അധിക വിഹിതമായി ലഭിച്ചിരുന്നു. എസ്.സി.പി ഫണ്ടിന്റെ എ.സി.ആർ പ്രകാരം എസ്.സി വിദ്യാർത്ഥികൾക്ക് പഠനമുറി എന്ന പ്രോജക്റ്റിനായി 284/30.3.21, 285/30.3.21 നം ബിൽ പ്രകാരം യഥാക്രമം 14140, 75000 രൂപ അതായത് ആകെ 89140 /- രൂപ ചെലവഴിച്ചിട്ടുണ്ട്. അധിക വിഹിതമായി ലഭിച്ച 1,18,375 രൂപയിൽ നിന്നാണ് ഈ തുക ചെലവഴിച്ചതെങ്കിലും അക്കൗണ്ടന്റും സെക്രട്ടറിയും പരിശോധിച്ച് പ്രസ്തുത അലോട്ട്മെന്റ് ഉൾപ്പെടുത്താത്തതിനാൽ എ.സി.ആറിൽ, എസ്.സി.പി ഫണ്ടിന്റെ ബാലൻസ് നെഗറ്റീവ് ആയി കാണിച്ചിരിക്കുന്നു. എ.സി.ആറിൽ ഈ അധിക വിഹിതം ഉൾപ്പെടുത്താത്തതിന് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. അപാകതകൾ പരിഹരിക്കേണ്ടതാണ്.

1-9 മൊബൈൽ ടവറിന് സെക്രട്ടറി അനുവദിച്ച പെർമിറ്റ് റദ്ദ് ചെയ്ത ഭരണസമിതിയുടെ നടപടി ക്രമവിരുദ്ധം

ഫയൽ നമ്പർ - എ3/732/20 Lതീയതി 07/03/2020

ഗ്രാമപഞ്ചായത്തിലെ പതിനാറാം വാർഡിലെ റീ സർവ്വേ 106/32 ലുൾപ്പെട്ട ശ്രീ കക്കാട്ട് സന്തോഷിന്റെ ഉടമസ്ഥയിൽപ്പെട്ട 2.9 ആർ സ്ഥലത്ത് ലീസ് എഗ്രിമെന്റ് പ്രകാരം റിലയൻസ് ജിയോ ഇൻഫ്രാടെൽ പ്രൈവറ്റ് ലിമിറ്റഡ് കമ്പനിക്ക് കേരള പഞ്ചായത്ത് കെട്ടിട നിർമ്മാണ ചട്ടങ്ങൾ, കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമം, തീരദേശ പരിപാലന നിയമം എന്നീ നിയമങ്ങൾ പാലിച്ചുകൊണ്ട് കമ്മ്യൂണിക്കേഷൻ ടവറിന് സെക്രട്ടറി നിർമ്മാണാനുമതി (A3-48/2009/22/01/2016) നൽകിയിരുന്നു. എന്നാൽ ടവർ നിർമ്മാണം റേഡിയേഷൻ മുതലായ ആരോഗ്യ പ്രശ്നങ്ങൾ ഉണ്ടാക്കുമെന്നും ആയതിനാൽ നിർമ്മാണാനുമതി നൽകരുതെന്ന പൊതുജനങ്ങളുടെ പരാതിയെ തുടർന്ന് ഗ്രാമപഞ്ചായത്തിലെ 02.06.2021 ലെ സാധാരണ മീറ്റിംഗിലെ 95/2020 നമ്പർ തീരുമാന പ്രകാരം സെക്രട്ടറി നൽകിയ പെർമിറ്റ് റദ്ദ് ചെയ്യുന്നതിന് ഭരണസമിതി തീരുമാനമെടുത്തു. എന്നാൽ പ്രസ്തുത തീരുമാനെതിരെ സെക്രട്ടറി വിയോജനക്കുറിപ്പ് രേഖപ്പെടുത്തുകയും, 30/06/2020ന് ഭരണസമിതി പ്രസ്തുത വിഷയം ചർച്ച ചെയ്തിരുന്നുവെങ്കിലും തീരുമാനം പുനപരിശോധിക്കേണ്ടതില്ല എന്ന് തീരുമാനിച്ചു. മേൽ സാഹചര്യത്തിൽ പ്രസ്തുത വിഷയം കേരള പഞ്ചായത്ത് രാജ് ആക്റ്റ് 2003 ലെ (നിയമാനുസൃതമല്ലാത്ത പ്രമേയങ്ങളിൽ മേൽ സ്വീകരിക്കേണ്ട നടപടിക്രമം) ചട്ടം 4 പ്രകാരം സർക്കാരിലേക്ക് റഫർ ചെയ്യുകയും ചെയ്തിരുന്നു.

മേൽ വിഷയത്തിൽ തദ്ദേശ സ്വയംഭരണ (ആർ ബി) വകുപ്പ് 14/09/2020ലെ സ.ഉ (സാ.ധാ)നം.1651/2020 ത.സ്വ.ഭ.വ ഉത്തരവിൽ കേരള പഞ്ചായത്ത് കെട്ടിട നിർമ്മാണ ചട്ടം 2019 ലെ ചട്ടം 83 മുതൽ 88 വരെയുള്ള ചട്ടങ്ങൾ

പ്രകാരം നിശ്ചിത കാലാപരിധിക്കുള്ളിൽ നിർമ്മാനമതി നൽകിയില്ലെങ്കിൽ അപേക്ഷയിന് മേൽ ഉടനടി തീരുമാനം കൈക്കൊളാൻ ആവശ്യപ്പെടുന്നതിനു മാത്രമേ ഭരണസമിതിക്ക് അധികാരമുള്ളൂവെന്നും, പൊതുജനങ്ങളിൽ നിന്നും മൊബൈൽ ടവർ നിർമ്മാണവുമായി ബന്ധപ്പെട്ട് റേഡിയേഷൻ, മറ്റ് ആരോഗ്യ പ്രശ്നങ്ങൾ എന്നിവ ചൂണ്ടിക്കാട്ടി പരാതികൾ ലഭിക്കുകയാണെങ്കിൽ ആയത് ജില്ലാ കളക്ടർ ചെയർമാനായുള്ള ജില്ലാ ടെലികോം കമ്മിറ്റിക്ക് അയയ്ക്കേണ്ടതുമാണ്. ആയതിനാൽ ഭരണസമിതി തീരുമാനം നിയമപ്രകാരമല്ല എന്നും, ആയതിനാൽ പ്രസ്തുത വിഷയം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് വേണ്ടിയുള്ള ട്രിബ്യൂണിലിന്റെ ഉപദേശത്തിനായി റഫർ ചെയ്യുന്നതിനും ഉത്തരവായിട്ടുണ്ട്.

മേൽ ഉത്തരവിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത വിഷയം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് വേണ്ടിയുള്ള ട്രിബ്യൂണിലിന്റെ ഉപദേശത്തിനായി റഫർ ചെയ്യുകയും സെക്രട്ടറിയുടെ നടപടി അംഗീകരിച്ച് ട്രിബ്യൂണൽ 01/07/2021 ലെ റഫറൻസ് നമ്പർ 12/2020 പ്രകാരം ഉത്തരവാകുകയും ചെയ്തിട്ടുണ്ട്.

ഭരണസമിതി തെറ്റായ തീരുമാനം കൈകൊള്ളുകയും, ആയതിന് നിയമപരമായ ഉപദേശം നൽകി സെക്രട്ടറി വിയോജനക്കുറിപ്പ് അറിയിച്ചിട്ടും തൊട്ടടുത്ത മീറ്റിംഗിലും നിയമ വിരുദ്ധ തീരുമാനമെടുത്തും, ജില്ലാ കളക്ടർ ചെയർമാനായുള്ള ജില്ലാ ടെലികോം കമ്മിറ്റി തീരുമാനമെടുക്കേണ്ട പരാതിയിൽ ഭരണ സമിതി ചർച്ച് ചെയ്ത് നിയമപരമല്ലാത്ത തീരുമാനമെടുത്ത് പെർമിറ്റ് റദ്ദ് ചെയ്തും ശരിയായ നടപടിയല്ല. ഭാവിയിൽ ഇത്തരം അപാകതകൾ ഒഴിവാക്കേണ്ടതാണ്.

മേൽ പെർമിറ്റ് പുതുക്കുന്നതിന് സെക്രട്ടറി 07/10/2021 ലെ എ3-2824/21 നമ്പർ കത്ത് നൽകിയിട്ടുണ്ട്. മേൽ മൊബൈൽ ടവറിന്റെ നിർമ്മാണ പുരോഗതിയും, തുടർ നടപടികളും അറിയിക്കേണ്ടതാണ്.

## 1-10 പെർമിറ്റ് അനുവദിച്ച കെട്ടിടത്തിന് നമ്പർ നൽകുന്ന വേളയിൽ പെർമിറ്റ് റദ്ദ് ചെയ്തു.

ഫയൽ നമ്പർ - എ3/3960/20 L തീയതി 23/09/2020

ശ്രീ.ബാബുരാജൻ, കോട്ടായി കുനിയിൽ, കുന്നമ്മക്കര എന്ന വ്യക്തി ഒഞ്ചിയം വില്ലേജിലെ റിസർവ്വേ നമ്പർ 142/4ൽ ഉൾപ്പെട്ട 8.52 ആർ സ്ഥലത്ത് നിലവിലുള്ള 346.17 ച.മീറ്റർ തറവിസ്തീർണ്ണമുള്ള വാണിജ്യകെട്ടിടത്തിന്റെ താഴത്തെ നിലയിലുള്ള 106.65 ച.മീറ്റർ കെട്ടിടത്തിന്റെ മേൽക്കൂരയുടെ അലുമിനിയം ഷീറ്റ് മാറ്റി കോൺക്രീറ്റ് ആക്കി മാറ്റുന്നതിനാണ് അപേക്ഷയാണ് സമർപ്പിച്ചിട്ടുള്ളത്. എന്നാൽ പ്രസ്തുത അപേക്ഷ പരിഗണിച്ച ഓവർസീയറുടെ റിപ്പോർട്ടിൽ അപാകതകൾ ചൂണ്ടികാണിച്ച് പ്ലാൻ പുനഃസമർപ്പിക്കുന്നതിനായി അപേക്ഷകന് അറിയിപ്പ് നൽകിയിരുന്നു. ആയതിന്റെ അടിസ്ഥാനത്തിൽ പ്ലാൻ പുനർസമർപ്പിക്കുകയും എൽ.എസ്.ജി.ഡി ഓവർസീയർ സ്ഥപരിശോധന നടത്തുകയും നിലവിലുള്ള 7/393- B കെട്ടിടത്തിലെ Roof Alternation അപേക്ഷയിലെ നിർമ്മാണം KPBR 2019 പാലിക്കുന്നുണ്ടെന്നും, പെർമിറ്റ് അനുവദിക്കാവുന്നതാണെന്നും 07/01/2021 ൽ ശുപാർശ ചെയ്തിട്ടുണ്ട്. പ്രസ്തുത റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ നിയമാനുസൃത ഫീസ് ഈടാക്കി കെട്ടിട നിർമ്മാണത്തിന് അനുമതി നൽകാവുന്നതാണെന്ന് എച്ച്.സി (സജീവൻ കെ.കെ) യും, സെക്രട്ടറിയും Roof Alternation ഫീസീടാക്കി പെർമിറ്റ് അനുവദിക്കുന്നതിന് 12/01/2021 ന് അംഗീകാരം നൽകുകയും. 12/01/2021ലെ എ3/3960/20 നമ്പർ പ്രകാരം പെർമിറ്റ് അനുവദിക്കുകയും ചെയ്തിട്ടുണ്ട്.

30.07.2021 ന് ശ്രീ ബാബുരാജൻ കുനിയിൽ പെർമിറ്റ് പ്രകാരമുള്ള പ്രവൃത്തി പൂർത്തീകരിച്ച് കംപ്ലീഷൻ സർട്ടിഫിക്കറ്റ് ഹാജരാക്കി നമ്പർ അനുവദിക്കുന്നതിന് അപേക്ഷ സമർപ്പിച്ചു. (എ3-4691/21/30/07/2021). പ്രസ്തുത അപേക്ഷ പരിഗണിച്ച് എൽ.എസ്.ജി.ഡി ഓവർസീയർ സ്ഥപരിശോധന നടത്തുകയും നിലവിലുള്ള 7/393- B കെട്ടിടത്തിലെ Roof Alternation പെർമിറ്റ് പ്രകാരം 106.65 ച.മീറ്റർ നിർമ്മാണം KPBR 2019 പാലിച്ച് പൂർത്തീകരിച്ചിട്ടുണ്ടെന്നും റിപ്പോർട്ട് ചെയ്തു. ഇതിന്റെ അടിസ്ഥാനത്തിൽ കെട്ടിടനികുതി പുതുക്കി നിശ്ചയിക്കുന്നതിന് (29/09/21)ന് എ3 സെക്ഷൻ നോട്ട് രേഖപ്പെടുത്തുകയും ചെയ്തു.

മേൽ ഫയലിൽ ശ്രീ ജ്യോതിലാൽ ജി, ക്ലർക്ക് B2 സെക്ഷൻ എന്നിവർ നൽകിയ അന്വേഷണ റിപ്പോർട്ട് പ്രകാരം 7/393- B നമ്പർ കെട്ടിടം പഞ്ചായത്ത് രേഖ പ്രകാരം പൊളിച്ചു മാറ്റപ്പെട്ട കെട്ടിടങ്ങളുടെ പട്ടികയിലാണ് ഉൾപ്പെടുന്നതാണെന്ന് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ആയതിനാൽ ടി കെട്ടിടത്തിലെ അധിക നിർമ്മാണം വസ്തുതാവിരുദ്ധമാണെന്ന് കാണുന്നുവെന്നും ഇക്കാരണത്താൽ ഫയൽ നിരസിക്കാവുന്നതാണെന്നും റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

മേൽ ഫയലിലെ ഓഡിറ്റ് നിരീക്ഷണങ്ങൾ ചുവടെ ചേർക്കുന്നു.

1.എ3/1486/2020/ 06/03/2020 നമ്പർ ഫയൽ പ്രകാരം 7/393,394,393 B നമ്പർ കെട്ടിടം പൊളിച്ച് മാറ്റിയിരിക്കുന്നതിനാൽ നികുതിയിൽ നിന്നും ഒഴിവാക്കണം എന്ന് ശ്രീ ബാബുരാജൻ കൊട്ടിയക്കുനി നൽകിയ അപേക്ഷ പ്രകാരം പഞ്ചായത്ത് അന്വേഷണം നടത്തുകയും ആയതു ബോദ്ധ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ പൊളിച്ചതായി പഞ്ചായത്ത് രേഖയിൽ ഉൾപ്പെടുത്തി നികുതി ഒഴിവാക്കി നൽകിയിട്ടുണ്ട്.

2. നികുതി ഒഴിവാക്കി നൽകിയ 7/393- B കെട്ടിടത്തിലെ Roof Alternation അപേക്ഷയിലെ നിർമ്മാണം KPBR 2019 പാലിക്കുന്നുണ്ടെന്നും, പെർമിറ്റ് അനുവദിക്കാവുന്നതാണെന്നും 07/01/2021 എൽ.എസ്.ജി.ഡി ഓവർസിയർ സ്ഥലപരിശോധന നടത്തി റിപ്പോർട്ട് നൽകിയത് എന്ത് അടിസ്ഥാനത്തിലാണെന്ന് വ്യക്തമല്ല. സ്ഥല പരിശോധന നടത്താതെയാണ് റിപ്പോർട്ട് നൽകിയത് എന്ന് ഓഡിറ്റിൽ വിലയിരുത്തുന്നു.

3. 12/01/2021ലെ എ3/3960/20 നമ്പർ പ്രകാരം പെർമിറ്റ് അനുവദിക്കുകയും, കംപ്ലീഷൻ സർട്ടിഫിക്കറ്റ് ഹാജരാക്കി നമ്പർ അനുവദിക്കുന്നതിന് അപേക്ഷ സമർപ്പിച്ചപ്പോൾ മാത്രമാണ് 7/393- B നമ്പർ കെട്ടിടം പഞ്ചായത്ത് രേഖ പ്രകാരം പൊളിച്ച് മാറ്റപ്പെട്ട കെട്ടിടങ്ങളുടെ പട്ടികയിലാണ് ഉൾപ്പെടുന്നതാണെന്നും, ആയതിനാൽ ടി കെട്ടിടത്തിലെ അധിക നിർമ്മാണം വസ്തുതാവിരുദ്ധമാണെന്ന് കാണുന്നുവെന്നും ഇക്കാരണത്താൽ ഫയൽ നിരസിക്കാവുന്നതാണെന്നും റിപ്പോർട്ട് ചെയ്തിട്ടുള്ളത്. കൃത്യമായ സ്ഥലപരിശോധന നടത്താതെ പെർമിറ്റ് അനുവദിക്കുകയും, നമ്പർ അനുവദിക്കുന്നതിന് അപേക്ഷ നൽകിയ അവസരത്തിൽ ഫയൽ നിരസിച്ചതും ശരിയായ നടപടിയല്ല.

സഞ്ചയ സ്റ്റോറ്റ് വെയറിൽ നിന്ന് ലഭ്യമായ വിവരം പ്രകാരം 7/393- B നമ്പർ കെട്ടിടത്തിന് 2015 ഒന്നാം അർദ്ധവർഷം മുതൽ 121 ച.മീറ്റർ തറവിസ്തീർണ്ണമുള്ള വാണിജ്യവാശ്യത്തിനുള്ള കെട്ടിടമായി കണക്കാക്കി നികുതി നിർണ്ണയിച്ച് ഈടാക്കുകയും നിലവിൽ നികുതി ഒഴിവാക്കപ്പെട്ടിട്ടുണ്ട്.

മേൽ ഫയൽ പ്രകാരമുള്ള കെട്ടിടത്തിന്റെ നിലവിലെ സ്ഥിതി വിവരവും ,അപാകതയ്ക്കുള്ള മറുപടിയും ലഭ്യമാക്കുന്നതിനായി നൽകിയ ഓഡിറ്റ് എൻക്വയറി (01/202021/08.06.2022) ക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. പ്രസ്തുത കെട്ടിടത്തിന്റെ നിലവിലെ സ്ഥിതി വിവരം അറിയിക്കേണ്ടതും, അപാകതകൾക്ക് മറുപടി ലഭ്യമാക്കേണ്ടതുമാണ്. കൂടാതെ അനധികൃത നിർമ്മാണത്തിനെതിരെ നിയമാനുസൃതമായ നടപടി സ്വീകരിക്കാൻ ഭരണസമിതിയും, സെക്രട്ടറിയും ശ്രദ്ധിക്കേണ്ടതുമാണ്.

## 1-11 വസ്തുനികുതി നിർണ്ണയത്തിലെ അപാകതമൂലം നഷ്ടം ആവർത്തിക്കപ്പെടുന്നു.

ഗ്രാമപഞ്ചായത്തിന്റെ 2020-21 വർഷത്തെ വരവിനങ്ങളുടെ ഓഡിറ്റിന്റെ ഭാഗമായി വസ്തുനികുതി നിർണ്ണയ ഫയൽ പരിശോധിച്ചപ്പോൾ കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു.

2011 ലെ കേരളപഞ്ചായത്ത് രാജ് (വസ്തുനികുതിയും സേവന ഉപനികുതിയും സർചാർജ്ജും ചട്ടങ്ങളുടെ അടിസ്ഥാനത്തിൽ ഗ്രാമപഞ്ചായത്തിൽ കെട്ടിടത്തിന്റെ വിവിധ ഉപയോഗ ക്രമമനുസരിച്ച് അടിസ്ഥാന വസ്തുനികുതി നിരക്ക് നിശ്ചയിച്ചിട്ടുണ്ട്. ആയതിൽ 100 $M^2$ വരെ തറ വിസ്തീർണ്ണമുള്ള വാണിജ്യ കെട്ടിടത്തിന് അടിസ്ഥാന വസ്തുനികുതി നിരക്ക് ചതുരശ്രമീറ്ററിന് 50/- രൂപയും, 100 $M^2$ന് മുകളിൽ തറ വിസ്തീർണ്ണമുള്ള വാണിജ്യകെട്ടിടത്തിന് അടിസ്ഥാന വസ്തുനികുതി നിരക്ക് ചതുരശ്രമീറ്ററിന് 60/- രൂപയും, 200 $M^2$ന് മുകളിൽ തറ വിസ്തീർണ്ണമുള്ള വാണിജ്യകെട്ടിടത്തിന് ചതുരശ്രമീറ്ററിന് 80/- രൂപയുമാണ്.

ഭാഗികമായി പൂർത്തീകരിച്ച വാണിജ്യകെട്ടിടത്തിന്, പൂർത്തീകരണ പ്ലാൻ ലഭ്യമാക്കുന്ന അവസരത്തിൽ മുഴവൻ തറവിസ്തീർണ്ണവും പരിഗണിച്ച് നികുതി നിർണ്ണയിക്കാത്തതിനാലും, ഒരേ ഉപയോഗക്രമത്തിന് ഉപയോഗിക്കുന്ന ഒരു കെട്ടിടത്തിന് രണ്ടുതരത്തിൽ നികുതി നിർണ്ണയിച്ചതിനാലും വസ്തുനികുതി നിർണ്ണയത്തിൽ അപാകത സംഭവിച്ചതായി കാണുന്നു.വിശദാംശം ചുവടെ ചേർക്കുന്നു.

| ക്രമ നം. | ഉടമസ്ഥന്റെ പേര്, മേൽ വിലാസം | കെട്ടിട തറ വിസ്തീർണ്ണം | ഭാഗിക/ കംപ്ലീഷൻ പ്ലാൻ പ്രകാരമുള്ള/ നികുതി ഈടാക്കിയ തറവിസ്തീർണ്ണം | ഈടാക്കിയ നികുതി/ പുനർ നിർണ്ണയി ക്കാനുള്ള ഏരിയ | ഈടാക്കേണ്ട നികുതി+ ഗ്രന്ഥശാലാ വരി | വ്യത്യാസം |
|---|---|---|---|---|---|---|
| 1 | ജയൻ രജീന്ദ്രൻ , കളത്തും താഴകനി യിൽ , | G. F = 163.71m$^2$ F.F = 163.71 M$^2$ | G. F = 138. M2 F.F = 163.71m$^2$ 302.21m$^2$ | 138.5ച.മീ 8310+419 | 15716+786 | 7406+ 367 |

| | | | | | | |
|---|---|---|---|---|---|---|
| | കണ്ണക്കര | 327.14m$^2$ | | | | |
| 2 | രാജൻ , രമേശൻ രാജ് ഭവൻ, പൊൻമേരി പറമ്പിൽ വില്ല്യാപ്പള്ളി | G. F = 374.48m$^2$ F.F = 428.20m$^2$ S. F = 467.18m$^2$ F.F = 42.03m$^2$ 1311.89 M$^2$ | G. F = 374.48m$^2$ F.F = 428.20m$^2$ 802.68 M$^2$ | 802.68m$^2$ 66516+3326 | 79966+ 3998 | 13540+ 672 |
| | | | | | | 20946+ 1039 |

ക്രമ നമ്പർ (1) പ്രകാരമുള്ള കെട്ടിടത്തിന് പൂർത്തികരണ പ്ലാൻ നൽകിയപ്പോൾ വസ്തുനികുതി പുനർനിർണ്ണയിക്കാത്തിനാലും 138.50 ച.മീ തറവിസ്തീർണ്ണത്തിന് 200 M$^2$ വരെ തറവിസ്തീർണ്ണമുള്ള വാണിജ്യകെട്ടിടത്തിന് അടിസ്ഥാന വസ്തുനികുതി നിരക്ക് ചതുരശ്രമീറ്ററിന് 80/- രൂപ എന്ന രീതിയിൽ കണക്കാക്കാത്തതിനാലും, പൂർണ്ണമായ തറ വിസ്തീർണ്ണത്തിന് വസ്തുനികുതി നിർണ്ണയിച്ച് ഈടാക്കാത്തതിനാലും 2014 - 15വർഷം മുതൽ വസ്തുനികുതിയിനത്തിൽ 7406/-രൂപയും, ലൈബ്രറി സെസ്സിനത്തിൽ 367/-രൂപയും നഷ്ടമുണ്ടായിട്ടുണ്ട്. ആയതിനാൽ 2014-15 വർഷം മുതൽ 2020-21 വർഷം വരെ വസ്തുനികുതിയിനത്തിൽ 51842/-രൂപയും, ലൈബ്രറി സെസ്സിനത്തിൽ 2569/-രൂപയും നഷ്ടമുണ്ടായിട്ടുണ്ട്.

ക്രമ നമ്പർ (2) പ്രകാരമുള്ള കെട്ടിടത്തിന് ഭാഗികമായ പൂർത്തീകരണ പ്ലാൻ പ്രകാരമുള്ള 802.68 ച.മീ തറവിസ്തീർണ്ണത്തിന് നികുതി നിർണ്ണയിക്കപ്പെട്ടപ്പോൾ രണ്ടുതരത്തിൽ നികുതി നിർണ്ണയിച്ചിട്ടുണ്ട്. ആയതിൽ 374.48ച.മീറ്ററിന് 100 M$^2$ വരെ തറ വിസ്തീർണ്ണമുള്ള വാണിജ്യകെട്ടിടത്തിന്റെ അടിസ്ഥാന വസ്തുനികുതി നിരക്കായ ചതുരശ്രമീറ്ററിന് 50/- രൂപ എന്ന കണക്കാക്കിയും, 428.20ച.മീറ്ററിന് 200 M$^2$ വരെ തറ വിസ്തീർണ്ണമുള്ള വാണിജ്യ കെട്ടിടത്തിന് അടിസ്ഥാന വസ്തുനികുതി നിരക്ക് ചതുരശ്രമീറ്ററിന് 80/- രൂപ എന്ന് കണക്കാക്കിയും നികുതി നിർണ്ണയിച്ച് 2016-17 മുതൽ ഈടാക്കിയിട്ടുണ്ട്.

2011 ലെ കേരളപഞ്ചായത്ത് രാജ് (വസ്തുനികുതിയും സേവന ഉപനികുതിയും സർചാർജ്ജും ചട്ടങ്ങളുടെ ചട്ടത്തിലെ 3-ാംചട്ടത്തിലെ ഉപചട്ടം 2, 5 എന്നിവ പ്രകാരം ഒരു പ്ലോട്ടിലെ പരസ്പരം ബന്ധപ്പെടുത്തി നിർമ്മിച്ച കെട്ടിടം, ഒരു കെട്ടിടത്തിന്റെ വിവിധ ഭാഗങ്ങൾ ഒരേ ആവശ്യത്തിന് ഉപയോഗിക്കുന്ന കെട്ടിടം എന്നിവയെ ഒറ്റ കെട്ടിടമായി കണ്ട് വസ്തുനികുതി നിർണ്ണയിക്കേണ്ടതാണ്. എന്നാൽ ഇതിനു വിരുദ്ധമായി കെട്ടിടത്തെ പല മുറികളായി തിരിച്ച് 374.48 ച.മീറ്ററിന് അടിസ്ഥാനനിരക്ക് 50/-രൂപ എന്ന് കണക്കാക്കിയും 428.20 ച.മീറ്ററിന് 80/-രൂപ എന്ന് കണക്കാക്കിയും വസ്തുനികുതി നിർണ്ണയിച്ചു. ആയതിനാൽ 2016-17 വർഷം മുതൽ 13540/-രൂപയും, ലൈബ്രറി സെസ്സിനത്തില് 672/-രൂപയും നഷ്ടമുണ്ടായിട്ടുണ്ട് . 2016-17 മുതൽ 2020-21 വർഷം വരെ വസ്തുനികുതിയിനത്തിൽ 67700/-രൂപയും, ലൈബ്രറി സെസ്സിനത്തില് 3360/-രൂപയും നഷ്ടമുണ്ടായിട്ടുണ്ട്. പ്രസ്തുത കെട്ടിടത്തിന്റെ പൂർത്തീകരണം നാളിതുവരെ പൂർത്തിയായതിന്റെ വിവശദാംശം ഫയലിൽ ലഭ്യമല്ല. കൂടാതെ ഗ്രൗണ്ട്, ഫസ്റ്റ് ഫ്ലോർ എന്നീ നിലകളുടെ നിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ടെന്നും, പൂർത്തീകരിച്ച നിർമ്മാണത്തിന് ഒക്യുപെൻസി നൽകാവുന്നതാണെന്നും, Fire NOCയുടെ ഫൈനൽ ലഭ്യമാകുന്ന മുറയ്ക്ക് മാത്രമേ മുഴുവൻ കെട്ടിടത്തിനും നമ്പർ അനുവദിക്കാൻ പാടുള്ളൂ എന്ന് എൽ.എസ്.ജി.ഡി എഞ്ചിനീയർ (13/07/16) നോട്ട് രേഖപ്പെടുത്തിയിട്ടുണ്ട്. നാളിതുവരെ ഫയർ എൻ.ഒ.സി ഹാജരാക്കാതെയാണ്. സ്ഥാപനം പ്രവർത്തിക്കുന്നത് എന്ന് ഓഡിറ്റ് വിലയിരുത്തുന്നു.

മേൽ അപാകതയ്ക്ക് മറുപടി ലഭ്യമാക്കുന്നതിനായി നൽകിയ ഓഡിറ്റ് എൻക്വയറി (7/202021/ 09.06.2022)ക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല.

2011 ലെ കേരളപഞ്ചായത്ത് രാജ് (വസ്തുനികുതിയും സേവന ഉപനികുതിയും സർചാർജ്ജും ചട്ടങ്ങളുടെ അടിസ്ഥാനത്തിൽ വസ്തുനികുതി ബാധകമായ മുഴവൻ കെട്ടിടങ്ങളുടെയും വസ്തു നികുതി പുന പരിശോധിക്കേണ്ടതാണ്.

മേൽ കെട്ടിടങ്ങളുടെ വസ്തുനികുതി പുനർനിർണ്ണയിച്ച് നാളിതുവരെ നികുതിയിനത്തിൽ നഷ്ടം വന്ന 119542/-രൂപയും, ഗ്രന്ഥശാലാവരിയിനത്തിൽ നഷ്ടം വന്ന 5929/-രൂപയും, ഉത്തരവാദിയായ ഉദ്യോഗസ്ഥനിൽ നിന്നും ഈടാക്കേണ്ടതും. കെട്ടിടങ്ങളുടെ നികുതി നിർണ്ണയിക്കുമ്പോൾ കംപ്ലീഷൻ പ്ലാൻ പ്രകാരവും, യഥാർത്ഥത്തിൽ ബാധകമായ സ്റ്റേജ് പരിഗണിച്ചും നികുതി നിർണയിക്കാത്തതിനാലാണ് അപാകത സംഭവിച്ചിട്ടുള്ളത്. ആയതിനാൽ അപാകതയക്ക് കാരണം വിശദമാക്കേണ്ടതാണ്.

## 1-12 വേക്കൻസി റെമിഷൻ അപേക്ഷ ലഭിച്ച തിയതിക്കു മുമ്പെ നികുതി ഇളവ് അനുവദിച്ചു

ഗ്രാമപഞ്ചായത്തിലെ വസ്തുനികുതി ഫയലുകൾ പരിശോധിക്കുന്നതിന്റെ ഭാഗമായി, ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി മിനുട്സ്, വേക്കൻസി റെമിഷൻ രജിസ്റ്റർ, സഞ്ചയ സോഫ്റ്റ് വെയറിലെ വേക്കൻസി റെമിഷൻ വിവരങ്ങൾ, അപേക്ഷ എന്നിവ പരിശോധിച്ചപ്പോൾ കണ്ടെത്തിയ അപാകത ചുവടെ കൊടുക്കുന്നു.

2011ലെ കേരള പഞ്ചായത്ത് രാജ് (വസ്തുനികുതിയും സേവന ഉപനികുതിയും സർച്ചാർജ്ജും) ചട്ടങ്ങളിലെ ചട്ടം 21(ബി) 1-ാം ഉപചട്ടപ്രകാരം നികുതി ഇളവ് ചെയ്തുകിട്ടുന്നതിനുള്ള കാലം കണക്കാക്കേണ്ടത്, ആ ആവശ്യത്തിനുള്ള നോട്ടീസ് നൽകിയ തീയതി മുതൽക്കോ കെട്ടിടം ഒഴിഞ്ഞു കിടന്ന തീയതി മുതൽക്കോ, ഇതിൽ ഏത് ഒടുവിൽ വരുന്നുവോ ആ തീയതി മുതൽ ആണ്. 2020-21 ലെ വേക്കൻസി റെമിഷൻ അപേക്ഷകൾ പരിശോധിച്ചതിൽ നികുതി ഒഴിവാക്കുന്നതിനുള്ള അപേക്ഷ ലഭിച്ച തിയതിക്കു മുമ്പെ നികുതി ഇളവ് ചെയ്തു കൊടുത്തതായി കാണുന്നു. ഉദാഹരണങ്ങൾ താഴെ കൊടുക്കുന്നു.

| ക്രമ നം. | കെട്ടിട ഉടമയുടെ പേര് | കെട്ടിട നമ്പർ | അപേക്ഷ തിയ്യതി | ഇളവ് അനുവദിച്ച തിയ്യതി |
|---|---|---|---|---|
| 1 | കെ ബാലകൃഷ്ണൻ കുനിയിൽ | 2/646 | 11/06/2020 | 01/04/20 |
| 2 | രാഘവൻ | 10/733 -736 | 20/08/20 | 01/04/20 |

നിയമപ്രകാരമല്ലാതെ വേക്കൻസി റെമിഷൻ നൽകിയതിന് വിശദീകരണം ലഭ്യമാക്കുന്നതിനായി നൽകിയ ഓഡിറ്റ് എൻക്വയറി (02/2020-21/08.06.2022)ക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. അപാകതയ്ക്ക് മറുപടി ലഭ്യമാക്കേണ്ടതും, വേക്കൻസി റെമിഷ ൻ അപേക്ഷ ലഭിച്ച തിയതിക്കു മുമ്പെ നികുതി ഇളവ് അനുവദിക്കുമ്പോൾ നികുതിയിനത്തിൽ നഷ്ടം വരുന്നില്ലെന്ന് ഗ്രാമപഞ്ചായത്ത് ഉറപ്പ് വരുത്തേണ്ടതാണ് .

## 1-13 ട്രേഡേഴ്സ് ലിസ്റ്റ് പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല.

ഗ്രാമപഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന മുഴുവൻ സ്ഥാപനങ്ങളുടെയും വിവരങ്ങൾ അടങ്ങിയ വാർഡ് തിരിച്ചുള്ള ഒരു ട്രേഡേഴ്സ് രജിസ്റ്റർ തയ്യാറാക്കാത്തതിനാൽ പഞ്ചായത്തിന്റെ പരിധിയിൽ പ്രവർത്തിക്കുന്ന എല്ലാ സ്ഥാപനങ്ങളിൽ നിന്നും ലൈസൻസ് ഫീസ് ഈടാക്കിയിട്ടുണ്ടോ എന്നത് ഫലപ്രദമായി പരിശോധിക്കാൻ സാധിച്ചിട്ടില്ല. അപേക്ഷ സമർപ്പിക്കുന്ന സ്ഥാപനങ്ങൾക്കു മാത്രം ലൈസൻസ് പുതുക്കി നൽകുക എന്ന രീതിയാണ് പഞ്ചായത്തിൽ നിലനിന്നു പോരുന്നത്.

പഞ്ചായത്തിന്റെ ഏതെങ്കിലുമൊരു സ്ഥലം ഫാക്ടറികൾക്കും കച്ചവട സ്ഥാപനങ്ങൾക്കും സംരംഭങ്ങൾക്കും മറ്റു സേവനങ്ങൾക്കും ഉപയോഗിക്കുകയാണെങ്കിൽ സെക്രട്ടറി നല്കുന്ന ലൈസൻസ് കൂടാതെ പ്രവർത്തിക്കാൻ പാടില്ലാത്തതാകുന്നു. (കേരള പഞ്ചായത്ത് രാജ് ആക്ട് വകുപ്പ് 232). സാമ്പത്തിക വർഷം ആരംഭിക്കുന്നതിന് 30 ദിവസം മുമ്പ് ലൈസൻസ് പുതുക്കേണ്ടതും പുതുതായി ആരംഭിക്കുന്നവയുടെ കാര്യത്തിൽ തുടങ്ങുന്നതിന് 30 ദിവസം മുമ്പും ലൈസൻസിന് അപേക്ഷിക്കേണ്ടതുമുണ്ട്. പ്രവർത്തിക്കാനാവശ്യമായ ലൈസൻസ് നിശ്ചിത ഫീസീടാക്കിയാണ് (പട്ടിക II, III & IV) പഞ്ചായത്ത് നൽകേണ്ടത് (ചട്ടം 10) ട്രേഡേഴ്സ് ലിസ്റ്റ് ഹാജരാക്കാത്തതിനാൽ എല്ലാ സ്ഥാപനങ്ങളും ലൈസൻസ് എടുത്ത്ട്ടാണോ പ്രവർത്തിച്ചത് എന്ന് വ്യക്തമല്ല. ട്രേഡേഴ്സ് ലിസ്റ്റ് പരിശോധനയ്ക്ക് ഹാജരാക്കാത്തതിന്

വിശദീകരണം ലഭ്യമാക്കുന്നതിനായി നൽകിയ ഓഡിറ്റ് എൻക്വയറി (14/2020-21 /*09/*06.2022)ക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. ട്രേഡേഴ്സ് ലിസ്റ്റ് കാലികമാക്കി എല്ലാ സ്ഥാപനങ്ങളും ലൈസൻസ് എടുത്തു പ്രവർത്തിക്കുന്നു എന്ന് ഉറപ്പ് വരുത്തേണ്ടതാണ്.

1-14 മാർഗ്ഗരേഖയ്ക്ക് വിരുദ്ധമായി പദ്ധതി തയ്യാറാക്കി നടപ്പിലാക്കി- 106500 രൂപ അധികം ചെലവഴിച്ചു

നിർവ്വഹണ ഉദ്യോഗസ്ഥൻ - വെറ്ററിനറി സർജൻ

പ്രൊജക്ട് - 12/21 മുട്ടക്കോഴി വിതരണം (വനിത)

ചെലവ് തുക - 213000

ബിൽ നമ്പർ തിയ്യതി -48711/25.2.21

367 ഗുണഭോക്താക്കൾക്ക് 45-60 ദിവസം പ്രായമുള്ള 5 വീതം കോഴികളെ 100% സബ്സിഡിയിൽ വിതരണം ചെയ്യുന്നതിനാണ് പദ്ധതി നടപ്പിലാക്കിയിട്ടുള്ളത് . ഒരു അംഗീകൃത എഗ്ഗർ നഴ്സറിയിൽ നിന്ന് 120 രൂപ വിലയുള്ള 1775 കോഴികളെ വാങ്ങി പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്. ജി.ഒ(എം.എസ്) 22/2018 /ത.സ്വ.ഭ.വ/ 14.2.2018 പ്രകാരമുള്ള സബ്സിഡി മാർഗ്ഗരേഖ ഖണ്ഡിക 6-2-7 പ്രകാരം മുട്ടക്കോഴികൾ വിതരണം ചെയ്യുന്ന പദ്ധതികൾക്ക് സബ്സിഡി നിരക്കിന്റെ ഉയർന്ന പരിധി പൊതു വിഭാഗത്തിന് 50% വും പട്ടികജാതി വിഭാഗത്തിന് 75% വും പട്ടികവർഗ്ഗ വിഭാഗത്തിന് 100% വും ആണ്. എന്നാൽ ജനറൽ വിഭാഗത്തിനായി നടപ്പിലാക്കിയിട്ടുള്ള ഈ പദ്ധതിയിൽ 100 % സബ്സിഡി അനുവദിച്ചുകൊണ്ടാണ് പദ്ധതി തയ്യാറാക്കി നടപ്പിലാക്കിയിട്ടുള്ളത്. ഗുണഭോക്തൃ വിഹിതം പിരിക്കാതെ മുഴുവൻ തുകയും അനുവദിച്ചതുമൂലം ഈ പദ്ധതിയിൽ 106500 രൂപ അധികം ചെലവഴിക്കേണ്ടി വന്നു. എസ്.സി. വിഭാഗക്കാർക്ക് മുട്ടക്കോഴി വിതരണത്തിനായി നടപ്പിലാക്കിയ 150/21 നമ്പർ പ്രകാരമുള്ള പദ്ധതിയിൽ 25% ഗുണഭോക്തൃ വിഹിതം ഗുണഭോക്താക്കളിൽ നിന്ന് പിരിച്ചെടുത്താണ് പദ്ധതി നടപ്പിലാക്കിയിട്ടുള്ളത്.

അപാകതയ്ക്ക് വിശദീകരണം ലഭ്യമാക്കുന്നതിന് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം. 24 /2020 -21 9.06.2022 ) മറുപടി ലഭ്യമാക്കിയിട്ടില്ല. 106500 രൂപയുടെ ചെലവ് ഓഡിറ്റിൽ അംഗീകരിക്കുന്നില്ല. പഞ്ചായത്തിനുണ്ടായ നഷ്ടം നികത്താൻ 106500 രൂപ ഉത്തരവാദിയായ ഉദ്യോഗസ്ഥനിൽ നിന്നും ഈടാക്കി പഞ്ചായത്തിൽ അടവാക്കേണ്ടതാണ് .

1-15 ഉപയോഗ യോഗ്യമല്ലാത്ത കമ്പ്യൂട്ടറുകൾക്ക് AMC- പാഴ് ചെലവ്

നിർവ്വഹണ ഉദ്യോഗസ്ഥൻ - സെക്രട്ടറി

പദ്ധതി - എസ്.ഒ 14/21 ഗ്രാമ പഞ്ചായത്തിലെ കമ്പ്യൂട്ടർ സർവർ അനുബന്ധ ഉപകരണങ്ങൾക്ക് എ.എം.സി

ചെലവ് തുക - 61183 ( തനത് ഫണ്ട്)

ബിൽ നമ്പർ തിയ്യതി -200012,13/30.09.20

ഗ്രാമപഞ്ചായത്തിലെ 5 കമ്പ്യൂട്ടറുകൾ, 2 പ്രിന്ററുകൾ, 1 ഫോട്ടോകോപ്പിയർ എന്നിവയ്ക്ക് എ.എം.സി എടുക്കുന്നതിനാണ് ഈ പദ്ധതി നടപ്പിലാക്കിയിട്ടുള്ളത് . 23.9.20 മുതൽ 22.9.21 വരെയുള്ള കാലയളവിലേക്ക് വാർഷിക മെയിന്റനൻസ് നടത്തുന്നതിനാണ് കെൽട്രോണുമായി കരാറിൽ ഏർപ്പെട്ട് തുക അനുവദിച്ചിട്ടുള്ളത്. ഈ പദ്ധതിയിൽ എ.എം.സി എടുത്തിട്ടുള്ള താഴെ പറയുന്ന 4 കമ്പ്യൂട്ടറുകൾ ഉപയോഗയോഗ്യമല്ല എന്ന സാക്ഷ്യപത്രത്തിന്റെ അടിസ്ഥാനത്തിൽ ഡിസ്പോസ് ചെയ്തിട്ടുണ്ട്. 5 ഡെസ്ക്ക് ടോപ്പ് കമ്പ്യൂട്ടറുകൾ ഉപയോഗയോഗ്യമല്ലെന്ന് കോഴിക്കോട് പൊതുമരാമത്ത് വകുപ്പ് ഇലക്ട്രിക്കൽ വിഭാഗം 9.2.21 ൽ S 21/02/21 പ്രകാരം സാക്ഷ്യപ്പെടുത്തി ഡിസ്പോസ് ചെയ്യാൻ അനുവാദം ലഭിച്ചതിന്റെ അടിസ്ഥാനത്തിൽ 5 പുതിയ കമ്പ്യൂട്ടറുകൾ വാങ്ങുന്നതിന് പദ്ധതി നടപ്പിലാക്കിയിട്ടുണ്ട് (185/19-20). ഈ

പദ്ധതി പ്രകാരം AMC എടുത്തിട്ടുള്ളതും ഡിസ്പ്പോസ് ചെയ്തതുമായ കമ്പ്യൂട്ടറുകളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | കമ്പ്യൂട്ടർ | എ.എം സി ക്ക് ചെലവഴിച്ച തുക |
|---|---|---|
| 1 | Desk Top INA 8290 FBL | 3500 |
| 2 | Desk Top INA 8290 FBk | 3500 |
| 3 | Desk Top 12 IANL 7930307 | 3500 |
| 4 | Desk Top 12 IANL 79300270 | 3500 |
| | ആകെ | 14000 |

അപാകതയ്ക്ക് വിശദീകരണം ലഭ്യമാക്കുന്നതിന് നൽകിയ ഓഡിറ്റ് എൻക്വയറി യ്ക്ക് (നം. 17/2020 -21 09.06.2022) മറുപടി ലഭ്യമാക്കിയിട്ടില്ല. എ.എം.സി നിലവിലുള്ള കമ്പ്യൂട്ടറുകൾ കരാർ സ്ഥാപനവുമായി ബന്ധപ്പെട്ട് റിപ്പയർ ചെയ്ത് ഉപയോഗിക്കുന്നതിന് പകരം കമ്പ്യൂട്ടറുകൾ ഡിസ്പോസ് ചെയ്ത് പുതിയ കമ്പ്യൂട്ടറുകൾ വാങ്ങിയതിനാൽ എ.എം.സിയ്ക്കായി ചെലവഴിച്ചത് അനാവശ്യവും പാഴ് ചെലവുമാണ്. ചെലവ് തുക ഉത്തരവാദിയായവരിൽ നിന്ന് ഈടാക്കി പഞ്ചായത്തിൽ അടവാക്കേണ്ടതാണ്.

## 1-16 അങ്കണവാടികൾക്ക് അനുപൂരക പോഷകാഹാരം- പദ്ധതി നടത്തിപ്പിലെ അപാകതകൾ

നിർവ്വഹണ ഉദ്യോഗസ്ഥൻ - ഐ.സി.ഡി.എസ്.സൂപ്പർ വൈസർ
ചെലവ് തുക - 3393374

ഗ്രാമപഞ്ചായത്തിലെ 27 അങ്കണവാടികൾ വഴി പോഷാകാഹാര വിതരണം നടത്തുന്നതിനാണ് ഈ പദ്ധതി നടപ്പിലാക്കിയത് പദ്ധതി നടത്തിപ്പിലെ താഴെ പറയുന്ന അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

1) മേൽ പദ്ധതിയിൽ 200012/4.1.21 പ്രകാരമുള്ള 877000 രൂപയുടെ ബില്ലിൽ 30.12.20 ന് മാവേലി സ്റ്റോറിൽ നിന്ന് സാധനം വാങ്ങിയതിന്റെ 211405 രൂപ അനുവദിച്ചിട്ടുണ്ട്. ഈ ബിൽ പ്രകാരം വാങ്ങിയ സാധനങ്ങൾ സ്റ്റോക്കിൽ എടുത്തത് പരിശോധിച്ചപ്പേൾ 250 Kg ചെറുപയർ സ്റ്റോക്കിൽ വന്നിട്ടില്ല. 250 Kg ചെറുപയർ അങ്കണ വാടികളിൽ വിതരണം ചെയ്തപ്പേൾ അങ്കണവാടി വർക്കർ മാര് ഒപ്പിട്ട കൈപ്പറ്റിയ സ്റ്റേറ്റ്മെന്റ് ഹാജരാക്കിയിട്ടില്ല. ലഭിച്ചിട്ടില്ലാത്ത ചെറുപയറിന് ബിൽ തുക അനുവദിച്ചതിനാൽ 28250 രൂപയുടെ (113X250) അധിക ചെലവുണ്ടായിട്ടുണ്ട്. ചെലവ് തടസ്സത്തിൽ വെക്കുന്നു. ചെറുപയർ വിതരണം ചെയ്ത് രേഖകൾ സഹിതം മറുപടി ലഭ്യമാക്കേണ്ടതാണ്.

2)മേൽ ബിൽ പ്രകാരം 27613 രൂപ മാവേലി സ്റ്റോറിന് അനുവദിച്ചിട്ടുണ്ട്. എന്നാൽ ഈ ബിൽ പ്രകാരം ലഭിച്ച സാധനങ്ങൾ പോഷകാഹാര വിതരണത്തിനായുള്ള സ്റ്റോക്ക് രജിസ്റ്ററിൽ വന്നിട്ടില്ല. ബഡ്സ് സ്പെഷ്യൽ സ്കൂളിലെ കുട്ടികൾക്കായി സാധനങ്ങൾ വാങ്ങിയ ബിൽ ഉപയോഗിച്ച് ഈ പദ്ധതി പണത്തിൽ നിന്ന് തെറ്റായ ചെലവ് നടത്തി. ബഡ്സ് സ്കൂളുകളുടെ ഭക്ഷണമെല്ലാം ഡിപ്പാർട്ട്മെന്റ് തലത്തിൽ നിർവ്വഹിക്കുന്നുണ്ട്. ഇതിനായുള്ള ബിൽ ഈ പദ്ധതിയിൽ ഉൾപ്പെടുത്തി ബിൽ തുക മാറി പാഴ് ചെലവ് നടത്തിയതിന് വിശദീകരണം ലഭ്യമാക്കേണ്ടതാണ്. ചെലവ് തടസ്സത്തിൽ വെക്കുന്നു.

അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കുന്നതിന് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് ( നം. 22/2020 -21 9.06.2022 ) മറുപടി ലഭ്യമാക്കിയില്ല.

## 1-17 പദ്ധതി നിർവ്വഹണത്തിന്റെ രേഖകൾ പൂർണമായി പരിശോധനയ്ക്ക് ഹാജരാക്കിയില്ല

വെറ്ററിനറി സർജൻ നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയിട്ടുള്ള താഴെ പറയുന്ന പദ്ധതികളിൽ പദ്ധതി നടത്തിപ്പിന്റെ രേഖകൾ ഹാജരാക്കിയിട്ടുള്ളത് അപൂർണ്ണമാണ്. വിശദാംശങ്ങൾ

ചുവടെ ചേർക്കുന്നു.

| പ്രൊജക്ട് | ചെലവ് തുക | റിമാർക്സ് |
|---|---|---|
| 74/21 പോത്തുകുട്ടി ഗ്രാമം (വനിത) | 112000 (104000-ഗുണഭോക്തൃ വിഹിതം- 8000-വികസന ഫണ്ട്) | 50% സബ്സിഡിയിൽ 8000 രൂപ വീതം 14 ഗുണഭോക്താക്കളുടെ ഗുണഭോക്തൃ വിഹിതമായി 112000 രൂപ പിരിച്ചെടുത്ത് പഞ്ചായത്ത് ഫണ്ടിൽ അടച്ചിട്ടുണ്ട്. എന്നാൽ ഐ.കെ.എം ചെലവ് സ്റ്റേറ്റ് പ്രകാരം 104000 രൂപ മാത്രമാണ് ചെലവഴിച്ചിട്ടുള്ളത്. ഇതിൽ 16000 രൂപയുടെ ബില്ലുകൾ മാത്രമേ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടുള്ളൂ. 88000 രൂപയുടെ ചെലവ് രേഖകൾ ഹാജരാക്കിയിട്ടില്ല |
| 71/21 ആട് വിതരണം (വനിത) | 140000 (90000-ഗുണഭോക്തൃ വിഹിതം 50000-വികസന ഫണ്ട്) | 50% സബ്സിഡിയിൽ 20000 രൂപ വിലയുള്ള 2 വീതം ആടുകളെ വിതരണം ചെയ്യുന്നതിനാണ് പദ്ധതി നടത്തിപ്പിലാക്കിയിട്ടുള്ളത്. ഗുണഭോക്താക്കളുടെ ഗുണഭോക്തൃ വിഹിതമായി 90000 രൂപ പിരിച്ചെടുത്ത് ചെലവഴിച്ചിട്ടുണ്ട് . വികസന ഫണ്ട് 50000 രൂപ മാത്രമാണ് ചെലവഴിച്ചിട്ടുള്ളത്.വികസന ഫണ്ട് ആനുപാതികമായി ചെലവഴിക്കാത്തതിന് വിശദീകരണം ലഭ്യമാക്കേണ്ടതാണ്. ഇതിൽ 20000 രൂപയുടെ ബിൽ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല. |

അപാകതയ്ക്ക് വിശദീകരണം ലഭ്യമാക്കുന്നതിന് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം. 20 /2020 -21 9.06.2022)) മറുപടി ലഭ്യമാക്കിയിട്ടില്ല. 108000 രൂപയുടെ ചെലവ് തടസ്സത്തിൽ വയ്ക്കുന്നു.

1-18 ജനകീയഹോട്ടൽ-വാടകനിശ്ചയിച്ചതിലെ അപാകതകൾ

| | |
|---|---|
| പ്രോജക്ടിന്റെ പേര്,നം. | വിശപ്പ് രഹിതകേരളം (ജനകീയഹോട്ടൽ) 175/21 |
| വകയിരുത്തിയതുക | 150000/--(തനത് ഫണ്ട്) |

| | |
|---|---|
| ചെലവുതുക, ചെക്ക് നം. , തിയ്യതി | 59024/-( 029598/18.3.21) |
| നിർവ്വഹണോദ്യോഗസ്ഥൻ | അസിസ്റ്റന്റ് സെക്രട്ടറി |

ഒഞ്ചിയം പഞ്ചായത്തിൽ പ്രവർത്തിക്കുന്ന ജനകീയ ഹോട്ടലിന് വാടകയും മറ്റ് ചെലവുകളും നൽകുന്നതിനായി രൂപീകരിച്ച മേൽ പ്രോജക്ട് പ്രകാരം ഹോട്ടലിന്റെ 9/2020 മുതൽ 3/2021 വരെയുള്ള വാടക (7x8000=56000/-)56000/-രൂപയും കറന്റ് ചാർജ്ജിനത്തിൽ 3024/-രൂപയും ഉൾപ്പെടെ 59024/-രൂപ സി.ഡി.എസിന് കൈമാറിയിട്ടുണ്ട്. 5.3.21ന് അസിസ്റ്റന്റ് എഞ്ചിനീയർ നിശ്ചയിച്ച് നൽകിയ വാടകയുടെയും (10927/-) കെട്ടിട ഉടമയുമായുണ്ടാക്കിയ കരാറിന്റെയും (8000/-)അടിസ്ഥാനത്തിൽ പ്രതിമാസം 8000/-രൂപയാണ് നൽകിവരുന്നത്. എന്നാൽ ഫയലും വാടകനിശ്ചയിച്ച പത്രികയും പരിശോധിച്ചതിൽ അപാകതയുള്ളതായി കാണുന്നു.

ഒഞ്ചിയം വില്ലേജ് ഓഫീസറുടെ 17.2.21 ലെ 51/21 നമ്പർ കത്ത് പ്രകാരം കെട്ടിടം നിൽക്കുന്ന ഭൂമിക്ക് ആർ ഒന്നിന് 374000/-രൂപയാണ് ഫെയർവാല്യുവെന്ന് സർട്ടിഫൈ ചെയ്തിട്ടുണ്ട്. ആയതു പ്രകാരം ഒരു സെന്റ് ഭൂമിയുടെ ഫെയർവാല്യു 151417/-രൂപയാണ്. എന്നാൽ സെന്റിന് 374000/-രൂപയാണ് ഫെയർവാല്യു എന്ന് കണക്കാക്കിയാണ് വാടക നിശ്ചയിച്ചിരിക്കുന്നത്. കെട്ടിടം സ്ഥിതിചെയ്യുന്നത് 8.59 സെന്റ് സ്ഥലത്താണ്. വിശദാംശം ചുവടെ കൊടുക്കുന്നു.

| | എ.ഇ.യുടെ റെന്റ് കാൽക്കുലേഷൻ ഷീറ്റ് പ്രകാരം വാടക | യഥാർത്ഥത്തിൽ നിശ്ചയിക്കേണ്ട വാടക |
|---|---|---|
| Rent Of The Building | 218.34 | 203.06 |
| Rent Of The Land Portion | 10708.87 | 4335.57 |
| Total | 10927/- | 4539/- |

അപാകതക്ക് വിശദീകരണം ലഭ്യമാക്കാനാവശ്യപ്പെട്ട് അസിസ്റ്റന്റ് എഞ്ചിനീയർ, സെക്രട്ടറി, അസിസ്റ്റന്റ് സെക്രട്ടറി എന്നിവർക്ക് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (03/9.06.22)മറുപടി ലഭ്യമാക്കിയിട്ടില്ല. പ്രതിമാസ വാടക 4539/- രൂപയിൽ നിജപ്പെടുത്തേണ്ടതും അധികം നൽകിയ വാടക തുക 24227/-രൂപ തുടർന്നുള്ള മാസങ്ങളിലെ വാടകയിൽ ക്രമീകരിക്കേണ്ടതുമാണ്. ഓഡിറ്റ് നിർദ്ദേശ

പ്രകാരം നടപടി സ്വീകരിച്ച് വിവരം അറിയിക്കുന്നതുവരെ ചെലവ് തുക 56000/-തടസ്സത്തിൽവെക്കുന്നു.

1-19 മഴക്കാല പൂർവ്വ ശുചീകരണം - പദ്ധതി നടപ്പിലാക്കിയതിന്റെ വിവരം ലഭ്യമല്ല.

ഗ്രാമപഞ്ചായത്തിന്റെ 2020-21 വർഷത്തെ തനത് ഫണ്ട് വൗച്ചറുകൾ പരിശോധിച്ചതിൽ മെഡിക്കൽ ഓഫീസർ, പി.എച്ച്.സി മടപ്പള്ളി എന്നിവർക്ക് വാർഡ്തല ശുചീകരണ ഫണ്ടിനത്തിൽ ചുവടെ കൊടുക്കും പ്രകാരം തുക കൈമാറിയിട്ടുണ്ട്. എന്നാൽ ചെലവ് രേഖകൾ ലഭ്യമല്ല.

| ക്രമ നം. | ഇനം | വൗച്ചർ നമ്പർ/തീയതി | തുക |
|---|---|---|---|
| 1 | ശുചീകരണ ഫണ്ട് | 22000165 12/06/2020 | 1,70,000 |

മേൽ ഇനത്തിൽ തുക കൈമാറുന്ന സെക്രട്ടറിയുടെ നടപടിക്രമത്തിൽ പദ്ധതിമാർഗ്ഗരേഖ പ്രകാരം കർമ്മപദ്ധതി തയ്യാറാക്കി നടപ്പിലാക്കുന്നതിന് നിർദ്ദേശിച്ചിട്ടുണ്ട്. കൂടാതെ പദ്ധതി നടപ്പിലാക്കുന്നതിന് മെഡിക്കൽ ഓഫീസറെ ചുമതല ഏൽപ്പിക്കുകയും, ഫണ്ട് ചെലവഴിക്കുന്നതുമായി ബന്ധപ്പെട്ട ഫയലുകൾ മെഡിക്കൽ ഓഫീസർ സൂക്ഷിക്കേണ്ടതാണെന്നും, ഓഡിറ്റിന് ഹാജരാക്കേണ്ടതാണെന്നും എന്നും നിർദ്ദേശിച്ചിട്ടുണ്ട്. എന്നാൽ പ്രസ്തുത തുക ഉപയോഗിച്ച് നടപ്പിലാക്കിയ പ്രവൃത്തികളുടെ ചെലവ് രേഖകൾ ഹാജരാക്കിയിട്ടില്ല. ചെലവ് രേഖകൾ ഹാജരാക്കുന്നതിനും അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ടുകൊണ്ടും നൽകിയ ഓഡിറ്റ് എൻക്വയറി (നം 13/202021/09/06/ 2022) ക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ 1,70,000/-രൂപയുടെ ചെലവ് തടസ്സത്തിൽ വെയ്ക്കുന്നു. ചെലവ് രേഖകൾ ഹാജരാക്കി ചെലവ് തടസ്സം ഒഴിവാക്കേണ്ടതാണ്.

1-20 അസിസ്റ്റന്റ് എഞ്ചിനീയർ യഥാസമയം പദ്ധതി നടപ്പാക്കിയില്ല – 90 ലക്ഷത്തിലധികം പദ്ധതിപ്പണം പാഴായി

2020-21 വർഷം പദ്ധതിയുടെ മൊത്തം അടങ്കൽ 6,03,83,696/- രൂപയാണ് വകയിരുത്തിയത്. ഇതിൽ 3,56,40,299/-രൂപ മാത്രമാണ് ചെലവഴിച്ചത്. 2,47,43,397/-രൂപ വിവിധ ഇനങ്ങളിലെ ഫണ്ട് പാഴായി പോയിട്ടുണ്ട്. ചെലവ് കുറഞ്ഞതിനാൽ പാഴായിപോയ തുകയിൽ ഏറ്റവും കൂടുതൽ തുക ചെലവഴിക്കാതിരുന്നത് അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായ പദ്ധതിയിലാണ്. ഓഡിറ്റ് വർഷം 2,36,50,659/-രൂപ വകയിരുത്തിയതിൽ (അതായത് മൊത്തം അടങ്കലിന്റെ 39% ) 1,42,58,615/-രൂപ മാത്രമാണ് ചെലവഴിച്ചത്. 93,92,044/-രൂപ പദ്ധതിപ്പണം സർക്കാരിലേക്ക് തിരികെ പോയി. ഇതിനാധാരമായ കാരണങ്ങൾ താഴെ കൊടുക്കുന്നു.

1. 2020-21 71 പദ്ധതികൾ നടപ്പാക്കാൻ വകയിരുത്തിയെങ്കിലും ഇതിൽ 40 പദ്ധതികൾ മാത്രമാണ് നടപ്പാക്കിയത് . ജി.ഒ (പി) 77/2019 ഫിൻ തീയതി 04.07.2019 ഉത്തരവ് പ്രകാരം അക്രിഡിറ്റഡ് എജൻസി എന്ന നിലയിൽ (ക്രമനമ്പർ 45 ) ഊരാളുങ്കൽ ലേബർ കോൺട്രാക്ട് സൊസൈറ്റിയെ പ്രവർത്തി ഏൽപ്പിക്കുകയാണുണ്ടായത്. ഏറ്റെടുത്ത പദ്ധതിയിൽ 60% മരാമത്ത് പ്രവൃത്തിയും നടപ്പാക്കാൻ സൊസൈറ്റിയ്ക്ക് കഴിഞ്ഞിട്ടില്ല. പദ്ധതിയ്ക്ക് വകയിരുത്തിയ തുകയുടെയും, അത് ചെലവഴിച്ചതിന്റെയും വിശദവിവരം താഴെകൊടുക്കുന്നു.

| | വകയിരുത്തിയ തുക | പദ്ധതിയുടെ എണ്ണം | ആകെ നടപ്പിലാക്കിയ പദ്ധതികൾ | സ്പിൽ ഓവർ പദ്ധതികൾ | പുതിയ പദ്ധതി |
|---|---|---|---|---|---|

| | | | | | |
|---|---|---|---|---|---|
| 1 | 50000രൂപ മുതൽ 2.5 ലക്ഷത്തിന് താഴെ | 22 | 10 | 5 | 5 |
| 2 | 2.5 ലക്ഷവും അതിന് മുകളിൽ 5 ലക്ഷത്തിന് താഴെ | 39 | 23 | 16 | 7 |
| 3 | 5 ലക്ഷത്തിന് മുകളിൽ | 10 | 7 | 5 | 2 |
| ആകെ | | 71 | 40 | 26 | 14 |

നടപ്പാക്കാത്ത 31 പദ്ധതിയിൽ 28 എണ്ണവും 5 ലക്ഷത്തിന് താഴെ എസ്റ്റിമേറ്റ് ഉള്ളവയാണ്. 5 ലക്ഷം എസ്റ്റിമേറ്റിന് മുകളിൽ മാത്രമാണ് ഇ-ടെണ്ടർ ബാധകമാവൂ എന്നതിനാലാണിത്. ആകെയുള്ള 71 പദ്ധതിയിൽ 10 എണ്ണം മാത്രം ഈ ഗണത്തിൽപ്പെടുന്നവ രൂപീകരിച്ചുള്ളൂ. ഇത് ശരിയായ നടപടി അല്ല. കൂടാതെ അക്രിഡിറ്റഡ് ഏജൻസിയ്ക്ക് ഏൽപ്പിച്ച പദ്ധതികളിൽ 40 എണ്ണം മാത്രം നടപ്പാക്കിയതും വൻതോതിൽ പദ്ധതിപ്പണം സർക്കാരിലേയ്ക്ക് തിരികെ പോകാൻ ഇടയായി.

പാഴായ (സർക്കാരിലേയ്ക്ക് തിരികെ പോയ)ഗ്രാന്റുകളുടെ വിശദാംശം

അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണം ചെയ്ത പദ്ധതികളിൽ ചെലവ് ഇല്ലാത്തതിനാൽ സർക്കാരിലേയ്ക്ക് തിരികെ പോയ ഗ്രാന്റുകളുടെ വിശദാംശം താഴെ കൊടുക്കുന്നു.

| ഗ്രാന്റിനം | വകയിരുത്തിയ അടങ്കൽ | ചെലവ് | ചെലവഴിക്കാ തെ നഷ്ടപ്പെടുത്തിയ തുക |
|---|---|---|---|
| വികസന ഫണ്ട്-ജനറൽ | 1110000 | 479980 | 630020 |
| ധനകാര്യ കമ്മീഷൻ അവാർഡ് | 10344899 | 7205962 | 3138937 |
| കേന്ദ്രാവിഷ്കൃത ഫണ്ട് | 250000 | ---------- | 250000 |
| മെയിന്റനൻസ്, റോഡ് | 10745760 | 6324535 | 4421225 |
| മെയിന്റനൻസ്, നോൺ-റോഡ് | 1200000 | 248138 | 951862 |
| | | | 93,92,044 |

ധനകാര്യകമ്മീഷൻ ഗ്രാന്റ്, മെയിന്റനൻസ് ഗ്രാന്റ്(റോഡ്) എന്നിവ ചെലവഴിക്കുന്നതിലെ അലംഭാവമാണ് ഇത്തരത്തിൽ 9392044/-രൂപ നഷ്ടപ്പെടാൻ ഇടയാക്കിയത്.

മേൽ വസ്തുതകളിൽ നിന്നും താഴെ കാണിച്ച അപാകതകൾ ശ്രദ്ധയിൽപ്പെടുത്തുന്നു.

1. 50000 രൂപയ്ക്കുള്ള ചെറിയ പദ്ധതികൾ ഒഴിവാക്കി വൻ അടങ്കലിലുള്ള ( വിവിധ വാർഡുകളിലെ കണക്ട് വിറ്റിയുള്ള റോഡുകൾക്ക് ഒരു പദ്ധതി എന്ന നിലയിൽ) പദ്ധതികൾ രൂപകൽപ്പന ചെയ്ത്, പദ്ധതികളുടെ

എണ്ണം കുറച്ച് ,ഗ്രാന്റ് ഇനത്തിലെ ചെലവ് വർദ്ധിപ്പിക്കാൻ നടപടി സ്വീകരിക്കേണ്ടതാണ്.

2. ഇ – ടെണ്ടർ നടപടി ഒഴിവാക്കാൻ 5 ലക്ഷത്തിൽ കുറവുള്ള പദ്ധതികൾ കൂടുതൽ വിഭാവനം ചെയ്യുന്നത് ഒഴിവാക്കേണ്ടതാണ്.

1-21 മരാമത്തു പ്രവൃത്തി ഫയലിൽ കാണുന്ന അപാകതകൾ

2020-21 വർഷം ഗ്രാമപഞ്ചായത്ത് 13.02.2020 ലെ 8/51/2020 നമ്പർ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ 30 സ്പിൽ ഓവർ പദ്ധതിയും 41 പുതിയ പദ്ധതിയും ഉൾപ്പെടെ ആകെ 71 മരാമത്ത് പദ്ധതികൾ അക്രഡിറ്റഡ് എജൻസി എന്ന നിലയ്ക്ക് ഊരാളുങ്കൽ ലേബർ കോൺട്രാക്ട് സൊസൈറ്റിയെ ഏൽപ്പിച്ചിട്ടുണ്ട്. ഇതിൽ 26 സ്പിൽ ഓവർ പദ്ധതിയും 14 പുതിയ പദ്ധതിയും മാത്രമാണ് 2020-21 വർഷം നടപ്പിലാക്കിയിട്ടുള്ളത്. മരാമത്ത് പ്രവൃത്തി ഫയൽ പരിശോധിച്ചതിൽ താഴെ കൊടുത്ത അപാകതകൾ കാണുന്നു.

1. നടപ്പാക്കിയ 40 പദ്ധതികളിൽ എസ്റ്റിമേറ്റും ബില്ലും പരിശോധിച്ചതിൽ സ്ഥിരമായി ഒരേ ഐറ്റം ഓഫ് വർക്ക് കടന്ന് വരുന്നതായി കാണുന്നു. റോഡിന്റെ സ്വഭാവത്തിനനുസരിച്ച് എസ്റ്റിമേറ്റിൽ അതിനനുസൃതമായ ഐറ്റം ഉൾപ്പെടുത്തിയതായി കാണുന്നില്ല. കൂടാതെ പ്രൊജക്റ്റുകളുടെ അടങ്കൽ തുക വാർഡുകളിൽ വീതിച്ച് നൽകുന്നതു പോലെ ഓരോ വാർഡിലും ചെറിയ അടങ്കലിലുള്ള പദ്ധതികൾ തയ്യാറാക്കുന്നു.അതു വളരെ കുറഞ്ഞ ദൂരത്തിലും , അളവിലും WMM മുതൽ സീൽ കോട്ടുവരെ ഒരേ ഇനം പ്രവൃത്തികൾ ആണ് ചെയ്യുന്നത്.

2. മരാമത്ത് പ്രവൃത്തികൾ ഏൽപ്പിച്ച് നൽകുമ്പോൾ സൈറ്റ് ഹാൻഡ്ഓവർ ചെയ്തതായി കാണുന്നില്ല.

3.സ.ഉ 118/2018 ഫിൻ തീയതി 03/08/2018 പ്രകാരം മരാമത്ത് പ്രവൃത്തികൾ അക്രഡിറ്റഡ് എജൻസികൾ പിഡബ്ല്യു.ഡി മാന്വലിലെ വ്യവസ്ഥകൾ പാലിക്കാൻ ബാദ്ധ്യസ്ഥരാണ്. ആതായത് അക്രഡിറ്റഡ് ഏജൻസികളെ പ്രവൃത്തികൾ ഏൽപ്പിക്കുമ്പോൾ അവരുമായി കരാറിൽ ഏർപ്പെടേണ്ടതും, മാന്വലിലെ വ്യവസ്ഥകൾ ഉൾപ്പെടുന്ന വസ്തുതകൾ എഗ്രിമെന്റിൽ ഉണ്ടായിരിക്കേണ്ടതുമാണ്. എന്നാൽ കരാറിൽ പ്രവൃത്തിയുടെ ആരംഭം, മുൻകൂർ അനുവദിക്കുന്നത് സംബന്ധിച്ച്, എന്ന് പൂർത്തിയാകും, വൈകിയാലുള്ള ഫൈൻ, മറ്റ് ഫൈനുകൾ എന്നിവയെ സംബന്ധിച്ച് വ്യവസ്ഥകൾ ഇല്ല. കൂടാതെ ഏത് സർക്കാർ ഉത്തരവിന്റെ അടിസ്ഥാനത്തിലാണ് കരാറിലെ ഓരോ വ്യവസ്ഥയും എന്ന് വ്യക്തമാക്കേണ്ടതാണ്.

4. ഗ്രാമപഞ്ചായത്തിൽ ഊരാളുങ്കലിന് ഏൽപ്പിച്ച് നൽകിയ 71 പദ്ധതിയിൽ 7 പദ്ധതിയ്ക്ക് മാത്രമാണ് 20% അഡ്വാൻസ് നൽകിയത്. ഇതിലൊന്നും തന്നെ ULCCS മുൻകൂറിന് അപേക്ഷ നൽകിയതായി കാണുന്നില്ല. കൂടാതെ മറ്റുള്ള 64 പ്രവൃത്തികൾക്ക് എന്തുകൊണ്ടാണ് മുൻകൂർ അനുവദിക്കാതിരുന്നതെന്നും വ്യക്തതയില്ല.

മേൽ അപാകതകൾക്ക് മറുപടി ലഭ്യമാക്കുന്നതിനായി നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. അപാകതകൾക്ക് വ്യക്തമായ മറുപടി ലഭ്യമാക്കേണ്ടതാണ്.

1-22 പഞ്ചായത്ത് ഓഫീസിലേക്ക് കമ്പ്യൂട്ടർ, പ്രിന്റർ വാങ്ങൽ പദ്ധതി -പണം നൽകി ഒരു വർഷം കഴിഞ്ഞിട്ടും 2 കമ്പ്യൂട്ടറുകൾ ലഭിച്ചിട്ടില്ല.

നിർവ്വഹണ ഉദ്യോഗസ്ഥൻ - സെക്രട്ടറി

പദ്ധതി - എസ്.ഒ 185/21

ചെലവ് തുക - 214123 (വികസന ഫണ്ട്)

ബിൽ നമ്പർ തിയ്യതി -132891-714024/10.11.20,101232-181487/03.03.21

ഗ്രാമ പഞ്ചായത്തിലെ 5 ഡെസ്ക്ക് ടോപ്പ് കമ്പ്യൂട്ടറുകൾ ഉപയോഗയോഗ്യമല്ലെന്ന് കോഴിക്കോട് പൊതുമരാമത്ത് വകുപ്പ് ഇലക്ട്രിക്കൽ വിഭാഗം 9.2.21 ൽ S 21/02/21 പ്രകാരം സാക്ഷ്യപ്പെടുത്തി ഡിസ്പോസ് ചെയ്യാൻ അനുവാദം ലഭിച്ചതിന്റെ അടിസ്ഥാനത്തിൽ 5 പുതിയ കമ്പ്യൂട്ടറുകൾ വാങ്ങുന്നതിനാണ് പദ്ധതി നടപ്പിലാക്കിയിട്ടുള്ളത്. എന്നാൽ പഞ്ചായത്തിലെ സ്റ്റോക്ക് രജിസ്റ്റർ പരിശോധിച്ചതിൽ 3 കമ്പ്യൂട്ടറുകൾ മാത്രമാണ് ലഭിച്ചിട്ടുള്ളത്. മേൽ കാണിച്ച ചെലവ് തുകയിൽ പ്രൊഫോർമ ഇൻവോയ്സ് 22909/21/3.3.21 പ്രകാരം 101232 രൂപ CPRCS മുഖേന കമ്പ്യൂട്ടറുകൾ ലഭിക്കുന്നതിന് കേരള സ്റ്റേറ്റ് IT മിഷന് 2 കമ്പ്യൂട്ടറുകൾക്കുള്ള വിലയായി മുൻകൂറായി നൽകിയിട്ടുണ്ടെങ്കിലും നാളിതുവരെ കമ്പ്യൂട്ടറുകൾ ലഭ്യമായിട്ടില്ല.
അപാകതയ്ക്ക് വിശദീകരണം ലഭ്യമാക്കുന്നതിന് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം. 18/2020 -21 9 .06.2022 ) മറുപടി ലഭ്യമാക്കിയിട്ടില്ല. കമ്പ്യൂട്ടറുകൾ ലഭ്യമാകുന്നതുവരെ 101232 രൂപയുടെ ചെലവ് തടസ്സത്തിൽ വയ്ക്കുന്നു.

1- 23 മിനി എം.സി.എഫ് സ്ഥാപിക്കൽ-മാനദണ്ഡം പാലിക്കാതെ പദ്ധതിതുക കൈമാറി

| | |
|---|---|
| പ്രോജക്ടിന്റെ പേര്,നം. | മിനി എം.സി.എഫ് സ്ഥാപിക്കൽ 181/21 |
| വകയിരുത്തിയതുക | 6,00,000/--(CFC Grant) |
| ചെലവുതുക,ബിൽനം. , തിയ്യതി | 20170352016001423979/29.3.21-6,00,000/- |
| നിർവ്വഹണോദ്യോഗസ്ഥൻ | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ |

ഗ്രാമ പഞ്ചായത്തിലെ വിവിധ മേഖലകളിൽ പത്ത് മിനി എം.സി.എഫ്. സ്ഥാപിക്കുന്നതിനായി രൂപീകരിച്ച മേൽ പ്രോജക്ട് 19.3.21 ലെ ഭരണസമിതിയുടെ 2/61/21 നമ്പർ തീരുമാന പ്രകാരം നിലവിലുള്ള അടങ്കലിൽ മാറ്റം വരുത്താതെ ഒരു വാർഡിൽ ഒന്ന് എന്ന നിലയിൽ 17എണ്ണം സ്ഥാപിക്കുന്നതിനും നിർമ്മാണത്തിന് അക്രഡിറ്റഡ് ഏജൻസിയായി ഊരാളുങ്കൽ ലേബർ കോൺട്രാക്ട് കോ-ഓപ്പ് സൊസൈറ്റിയെ ചുമതലപ്പെടുത്തിയും തീരുമാനിച്ചിരുന്നു. 20.03.21ന് സ്ഥാപനവുമായി കരാറിൽ (10/20-21) ഏർപ്പെടുകയും ചെയ്തു. പദ്ധതി നടത്തിപ്പിലെയും മുൻകൂർ തുക നൽകിയതിലെയും അപാകതകൾ ചുവടെ കൊടുക്കുന്നു.

1)സൊസൈറ്റിയുടെ ULCCS/FIN/20-21/9144/01നമ്പർ തിയ്യതി രേഖപ്പെടുത്താത്ത കത്തിൽ മൊത്തം അടങ്കൽ തുകയുടെ 20% തുകയായ 120000/-രൂപ മൊബിലൈസേഷൻ അഡ്വാൻസായി അനുവദിക്കാൻ ആവശ്യപ്പെട്ടിരുന്നു. എന്നാൽ അടങ്കൽ തുകയായ 600,000/-രൂപയും ഒന്നിച്ച് നൽകുകയുണ്ടായി. സർക്കാർ നിർദ്ദേശം പാലിക്കാതെ പൊതുപണം ദുരുപയോഗം ചെയ്യുകയാണുണ്ടായത്. ഇത്തരത്തിൽ മാനദണ്ഡങ്ങൾ പാലിക്കാതെ പണം കൈമാറുന്നതിന് സെക്രട്ടറി നിർവ്വഹണോദ്യോഗസ്ഥന് നിർദ്ദേശം നൽകിയതായും കാണുന്നു. (സെക്രട്ടറിയുടെ 31.03.21ലെഎ2/2870/21നമ്പർ കത്ത് കാണുക) പദ്ധതിപണം ദുരുപയോഗം ചെയ്തതിന് നിർവ്വഹണോദ്യോഗസ്ഥനും സെക്രട്ടറിയും വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

2)കരാറിലെ ഒന്നാം ഉടമ്പടിയിൽ , കരാറിന്റെ അനുബന്ധമായി വച്ചിട്ടുള്ള പ്രവൃത്തി വിവരപട്ടികയിലും ചിത്രത്തിലും എസ്റ്റിമേറ്റിലും നിഷ്ക്കർഷിച്ചിട്ടുള്ള അളവിലും രൂപത്തിലും രീതിയിലും നിരക്കിലും സമയത്തിലുള്ളിലും പ്രവൃത്തിയുടെ നിർവ്വഹണ ചുമതലയുള്ള എഞ്ചിനീയർമാരുടെ നിർദ്ദേശ പ്രകാരവും അക്രഡിറ്റഡ് ഏജൻസി പ്രവൃത്തി പൂർത്തിയാക്കുമെന്ന് വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ അത്തരത്തിലുള്ള പ്രവൃത്തി വിവരപട്ടികയോ ചിത്രമോ എസ്റ്റിമേറ്റോ നിഷ്ക്കർഷിച്ചിട്ടുള്ള അളവോ രൂപമോ രീതിയോ നിരക്കോ സമയക്രമമോ കരാറിനൊപ്പം സൂക്ഷിച്ചിട്ടില്ല. ഇതൊന്നും തയ്യാറാക്കി അംഗീകാരം വാങ്ങാതെയാണ് പ്രവൃത്തി ഏൽപ്പിച്ചിരിക്കുന്നതും മൊത്തംപണം കൈമാറിയിട്ടുള്ളതും.

3)14.10.20ലെ ജി.ഒ.(ആർ.ടി)നം.1898/20LSGDനമ്പർ ഉത്തരവു പ്രകാരം എം.സി.എഫ്.നിർമ്മാണത്തിന് സാങ്കേതിക അനുമതി നൽകേണ്ട ചുമതല അസിസ്റ്റന്റ് എഞ്ചിനീയർക്കാണ്. അസിസ്റ്റന്റ് എഞ്ചിനീയറിൽ

നിന്നും സാങ്കേതിക അനുമതി വാങ്ങിയതായി കാണുന്നില്ല.

4)പ്രവൃത്തി പൂർത്തീകരിച്ച് അളവെടുത്ത് ബിൽ തയ്യാറാക്കി സമർപ്പിച്ചിട്ടില്ല. അതുകൊണ്ടുതന്നെ നൽകിയ തുക വിനിയോഗിച്ചു എന്ന് ഉറപ്പുവരുത്താനായിട്ടില്ല. 17 വാർഡുകളിലും എം.സി.എഫ്. സ്ഥാപിച്ചു എന്ന് ഉറപ്പുവരുത്തുന്നതിനാവശ്യമായ രേഖകളൊന്നും പരിശോധനക്ക് ഹാജരാക്കിയിട്ടില്ല.

അപാകതകൾക്ക് രേഖകൾ സഹിതം വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (04/9.06.22) മറുപടി ലഭ്യമാക്കിയിട്ടില്ല. മാനദണ്ഡങ്ങൾ പാലിക്കാതെ പണം കൈമാറി പദ്ധതിപണം ദുരുപയോഗം ചെയ്തതും പ്രവൃത്തി പൂർത്തീകരിച്ച് അളവെടുത്ത് നൽകിയ പണത്തിന്റെ ചെലവും പദ്ധതിലക്ഷ്യവും ഉറപ്പുവരുത്താത്തതും അംഗീകരിക്കാവുന്നതല്ല. പ്രവൃത്തി പൂർത്തീകരിച്ച് അപാകതകൾക്ക് രേഖകൾ സഹിതം മറുപടി ലഭ്യമാക്കുന്നതുവരെ ചെലവുതുക തടസ്സത്തിൽ വെക്കുന്നു.

### 1-24 ഹോമിയോ മരുന്നുകൾ സമയ ബന്ധിതമായി ലഭ്യമാക്കുന്നില്ല- അധിക വില നൽകേണ്ടി വരുന്നു,ആവശ്യ മുള്ളത്ര മരുന്നുകൾ ലഭിക്കുന്നില്ല.

നിർവ്വഹണ ഉദ്യോഗസ്ഥൻ - മെഡിക്കൽ ഓഫീസർ (ഹോമിയോ)

പദ്ധതി - എസ്.ഒ 92/21

ചെലവ് തുക - 100000 (റോഡിതര മെയിന്റനൻസ് ഗ്രാന്റ് )

ബിൽ നമ്പർ തിയ്യതി - 722939/11.11.20

ഗ്രാമപഞ്ചായത്തിലെ ഹോമിയോ ആശുപത്രിയിലേക്ക് ആവശ്യമായ മരുന്ന് ലഭിക്കുന്നതിനായി ഹോമ്കോമിന് 100000 രൂപ 2020 നവംബർ മാസത്തിൽ അനുവദിച്ചിട്ടുണ്ട്. എന്നാൽ മരുന്ന് ലഭ്യമാകുന്നത് 13.9.21 ലാണ്. ലഭിച്ച മരുന്നിന്റെ വില മരുന്നിനായി ഇന്റന്റ് കൊടുത്തപ്പോൾ ഉള്ളതിനേക്കാൾ വർദ്ധിച്ചതിനാൽ ആവശ്യപ്പെട്ട അളവിൽ മരുന്ന് ലഭ്യമായിട്ടില്ല. ചില ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| മരുന്ന് | ഇന്റന്റ്ചെയ്ത പ്പോൾ മരുന്നിന്റെ വില | ലഭിച്ച മരുന്നിന്റെ വില | ആവശ്യ പ്പെട്ട അളവ് | ലഭിച്ച അളവ് |
|---|---|---|---|---|
| Calendula Officinalis | 30 | 41 | 10 | 5 |
| Hamamelis Virginica | 45 | 64 | 5 | 5 |
| Justicia Adhothoda | 25 | 33 | 10 | 5 |
| Calcarea Phosphorica | 4 | 5 | 2000 | 1000 |
| Calcarea Sulphurica | 4 | 5 | 1000 | 750 |
| Arnica Montana Oil | 50 | 60 | 2500 | 1500 |
| Arnica Perfumed Hair Oil | 70 | 85 | 100 | 84 |

സ്ഥാപനവുമായി കരാറിലേർപ്പെടാതെ മരുന്നിന്റെ വില മുൻകൂർ നൽകിയത് മൂലമാണ് സ്ഥാപനം മരുന്ന് ലഭ്യമാക്കാൻ കാലതാമസം നേരിട്ടതും, മരുന്ന് വിതരണം ചെയ്യുന്ന സമയത്തെ വില ഈടാക്കുന്നത് മൂലം മരുന്നിന് അധികവില നൽകേണ്ടി വന്നതും. അപാകതകൾക്ക് വിശദീകരണം നൽകേണ്ടതാണ്.

### 1-25 അങ്കണവാടികൾ ആധുനിക വൽക്കരിക്കൽ പദ്ധതി (ക്രാഡിൽ) അങ്കണവാടികൾ പെയിന്റ് ചെയ്ത് ചിത്രങ്ങൾ വരക്കൽ-ആസൂത്രണത്തിലെ പാളിച്ച പദ്ധതി നടപ്പാക്കിയതിലെ

അപാകതകൾ

നിർവ്വഹണ ഉദ്യോഗസ്ഥൻ - ഐ.സി.ഡി.എസ് .സൂപ്പർ വൈസർ

പദ്ധതി - എസ്.ഒ 72 /21

ചെലവ് തുക - 250000 (മെയിന്റനൻസ് ഗ്രാന്റ് റോഡിതരം)

ബിൽ നമ്പർ - 87999/4.1.21

2 അങ്കണവാടികൾ സ്മാർട്ട് അങ്കണവാടികളാക്കി മാറ്റുന്നതിനാണ് പദ്ധതി നടപ്പിലാക്കിയത്. ടെണ്ടർ നടപടികളിലൂടെ ഓറിയന്റ് എന്റർപ്രൈസസ് എന്ന സ്ഥാപനമാണ് പ്രവൃത്തി നടപ്പിലാക്കിയിട്ടുള്ളത് . 12.10.20 ലെ ബിൽ നമ്പർ 49 പ്രകാരം 250000 രൂപയ്ക്ക് 17 ഇനം പ്രവൃത്തികളാണ് ഓറിയന്റ് എന്റർപ്രൈസസ് എന്ന സ്ഥാപനം നടപ്പിലാക്കിയിട്ടുള്ളത്. ഇതിൽ ഇനം 15 അങ്കണവാടികൾ പെയിന്റ് ചെയ്ത് ചിത്രം വരക്കുന്നതിനാണ് ലക്ഷ്യമിട്ടത്. രണ്ട് അങ്കണവാടികൾ പെയിന്റ് ചെയ്ത് ചിത്രം വരയ്ക്കുന്നതിന് 56000 രൂപയാണ് ചെലവഴിച്ചിട്ടുള്ളത്.

പദ്ധതി ആസൂത്രണത്തിലെയും നടത്തിപ്പിലെയും അപാകതകൾ ചുവടെ കൊടുക്കുന്നു.

1.അങ്കണവാടികൾ പെയിന്റ് ചെയ്യുന്നതിനും ചിത്രം വരക്കുന്നതിനും പ്രത്യേകം തുക വകയിരുത്തി പ്രത്യേകം ടെണ്ടർ ചെയ്യാൻ നടപടി സ്വീകരിച്ചില്ല.

2.രണ്ട് അങ്കണവാടികൾ വ്യത്യസ്ത രൂപത്തിലും അളവിലും ഉള്ളതാകയാൽ പെയിന്റിംഗ് വർക്കുകൾക്ക് പ്രത്യേകം എസ്റ്റിമേറ്റ് തയ്യാറാക്കി ടി.എസ്.വാങ്ങാതെ രണ്ട് കെട്ടിടങ്ങൾക്കും ഒരേതുക അനുവദിച്ചത് ശരിയല്ല.

3.അങ്കണവാടികൾ പെയിന്റിങ്ങ് നടത്തിയതിന്റെ മെഷർമെന്റ് ബുക്ക് പരിശോധനക്ക് ഹാജരാക്കിയിട്ടില്ല.

അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കുന്നതിന് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് ( നം. 19/2020 -21 9.06.2022) മറുപടി ലഭ്യമാക്കിയിട്ടില്ല. ഓഡിറ്റ് നിർദ്ദേശിച്ച രേഖകൾ ഹാജരാക്കുന്നത് വരെ 56000 രൂപയുടെ ചെലവ് തടസ്സത്തിൽ വയ്ക്കുന്നു.

1-26 ആർദ്രം പദ്ധതി പ്രകാരം ഫാർമസിസ്റ്റിനെ നിയമിച്ചു-പദ്ധതി ആരംഭിച്ചില്ല

| | |
|---|---|
| പ്രോജക്റ്റിന്റെ പേര്,നം. | ആർദ്രംമിഷൻ താൽക്കാലിക സ്റ്റാഫിന് വേതനം നൽകൽ 84/21 |
| വകയിരുത്തിയതുക | 1200000/--(തനത് ഫണ്ട്) |
| ചെലവുതുക, നം. ,വൌച്ചർ നം.തിയ്യതി | 10026/-(22000458/6.10.20) |
| | 22200/-(22000520/23.10.20) |

| | |
|---|---|
| | 22200/-(22000666/29.12.20) |
| | 22200/-(22000667/29.12.20) |
| | 22200/-(22000701/12.01.21) |
| | 22200/-(22000902/20.02.21) |
| | 22200/-(22001019/22.3.21) |
| | 22200/-(22001103/31.03.21) |
| | Totai-165426/- |
| നിർവ്വഹണോദ്യോഗസ്ഥൻ | മെഡിക്കൽ ഓഫീസർ |

സംസ്ഥാനത്തൊട്ടാകെ ആർദ്രം പദ്ധതി നടപ്പാക്കുന്നതിന്റെ ഭാഗമായി പ്രാഥമികാരോഗ്യകേന്ദ്രങ്ങളിൽ സായാഹ്ന ഒ.പി. നടപ്പാക്കുന്നതിനായി താൽക്കാലിക പാരാമെഡിക്കൽ സ്റ്റാഫിനെ നിയമിക്കാൻ സർക്കാർ അനുമതി നൽകിയിട്ടുണ്ട്. ഒഞ്ചിയം പഞ്ചായത്ത് പ്രാഥമികാരോഗ്യകേന്ദ്രത്തിൽ ആർദ്രം പദ്ധതി നടപ്പാക്കാതെ തന്നെ പദ്ധതിയിലുൾപ്പെടുത്തി ഫാർമസിസ്റ്റിനെ നിയമിച്ച് വേതനം നൽകിയിട്ടുണ്ട്. ഓഡിറ്റ് വർഷത്തിൽ വേതനമിനത്തിൽ 165426/-രൂപയും 2021-22ൽ 266400/-രൂപയും ചെലവഴിച്ചിട്ടുണ്ട്. ആർദ്രം പദ്ധതി ആരംഭിക്കാത്തതിനെ തുടർന്ന് 31.3.22ന് ഫാർമസിസ്റ്റിനെ ജോലിയിൽ നിന്നും പിരിച്ചുവിട്ടു.

ആർദ്രം പദ്ധതി ആരംഭിച്ച് ജനങ്ങൾക്ക് മുഴുവൻ സമയസേവനം നൽകുമ്പോഴുണ്ടാകുന്ന ജീവനക്കാരുടെ കുറവ് പരിഹരിക്കുന്നതിനാണ് ഇത്തരത്തിൽ താൽക്കാലിക സ്റ്റാഫിനെ നിയമിക്കാൻ അനുവാദം നൽകിയിട്ടുള്ളത്. എന്നാൽ പദ്ധതി ആരംഭിക്കാതെ തന്നെ താൽക്കാലിക സ്റ്റാഫിനെ നിയമിച്ച് പദ്ധതിപണം ചെലവഴിച്ചതിന് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (06/9.06.22)മറുപടി ലഭ്യമാക്കിയിട്ടില്ല. സാഹചര്യം വ്യക്തമാക്കി മറുപടി ലഭ്യമാക്കുന്നതുവരെ ചെലവുതുക തടസ്സത്തിൽ വെക്കുന്നു.

1-27 ഹരിതകർമ്മസേന-വയബിലിറ്റി ഗ്യാപ് ഫണ്ട് നൽകൽ സുതാര്യമല്ല.

പ്രോജക്ടിന്റെ പേര്,നമ്പർ- ഹരിതകർമ്മസേന- വയബിലിറ്റി ഗ്യാപ്പ്ഫണ്ട്

നിർവ്വഹണോദ്യോഗസ്ഥൻ-വി.ഇ.ഒ.

വകയിരുത്തിയ തുക-120000/-(ധനകാര്യകമ്മീഷൻ ഗ്രാന്റ്)

ചെലവഴിച്ച തുക – 120000/-(Bill No.699/24.12.20)

സാധനങ്ങൾ വിൽക്കുന്നതിലൂടെയും യൂസർഫീയിനത്തിലും ലഭിക്കുന്ന വരുമാനം തികയാതെ വരുന്ന സന്ദർഭങ്ങളിൽ സർക്കാരിന്റെ മുൻകൂർ അനുമതിയോടെ ഹരിതസേനാംഗങ്ങൾക്ക് വി.ജി.എഫ് ഉപയോഗപ്പെടുത്തി ബാക്കിവേതനം നൽകാവുന്നതാണ്. ആയതിനായി ആസൂത്രണം ചെയ്ത മേൽ പ്രോജക്ട് പ്രകാരം 120000/-രൂപ ഹരിതകർമ്മസേനയുടെ കേരള ഗ്രാമീണ ബാങ്ക് നാദാപുരംറോഡ് ശാഖയിലുള്ള 40136101069417 നമ്പർ അക്കൗണ്ടിലേക്ക് 24.12.20ന് ക്രെഡിറ്റ് ചെയ്തിട്ടുണ്ട്. എന്നാൽ വി.ജി.എഫ് ഉപയോഗപ്പെടുത്തി നൽകിയ വേതനത്തിന്റെ വിവരങ്ങൾ പരിശോധനക്ക് ഹാജരാക്കിയിട്ടില്ല.

ഫയൽ പരിശോധിച്ചതിൽ വി.ജി.എഫ് ഉപയോഗിച്ച് വേതനം നൽകുമ്പോൾ തയ്യാറാക്കി സൂക്ഷിക്കേണ്ട കണക്കുകൾ തയ്യാറാക്കി അർഹത പരിശോധിക്കപ്പെടാതെയാണ് പദ്ധതിപണം കൈമാറിയത് എന്ന് കാണുന്നു. ഹരിതകർമ്മസേനയുടെ ബൈലോ, മിനുട്സ് ബുക്ക്, അക്കൗണ്ട് ബുക്കുകൾ എന്നിവ പരിശോധനക്ക് ലഭ്യമാക്കിയിട്ടില്ല.

ഓരോ മാസത്തെയും വേതനവിവരങ്ങൾ അംഗത്തിന്റെ പേര്, ജോലി ചെയ്ത മാസം, ഹാജരായ ദിവസം, ആകെ വേതനം, തനത് ഫണ്ട് ഉപയോഗിച്ച് നൽകിയ വേതനം, ബാക്കി നൽകാനുള്ള വേതനം, വി.ജി.എഫ് ഉപയോഗിച്ച് നൽകിയത് എന്നിവ ഉൾപ്പെടെ പരിശോധനക്ക് ലഭ്യമാക്കേണ്ടതും കണക്കുകൾ പരിശോധിക്കാതെ പദ്ധതിപണം മൊത്തമായി കൈമാറിയതിന് വിശദീകരണം ആവശ്യപ്പെട്ടു നൽകിയ ഓഡിറ്റ് എൻക്വയറിക്ക് ( 05/9.06.22) ലഭ്യമാക്കിയ മറുപടിയിൽ കോവിഡ് കാരണവും കളക്ട് ചെയ്ത മാലിന്യം യഥാസമയം നീക്കം ചെയ്യാൻ സാധിക്കാത്തതിനാലും ഓഡിറ്റ് വർഷത്തിൽ മൂന്ന് മാസം മാത്രമേ ഹരിതകർമ്മസേനാംഗങ്ങൾക്ക് ജോലിചെയ്യാൻ സാധിച്ചിട്ടുള്ളൂ എന്നും ആയതിനാൽ അവർക്ക് വി.ജി.എഫ് അനുവദിച്ചിട്ടില്ലെന്നും പ്രസ്തുത തുക ഹരിതകർമ്മസേന മുൻമാസങ്ങളിൽ കളക്ട് ചെയ്ത് വെച്ച മാലിന്യം നീക്കം ചെയ്യാനാണ് ഉപയോഗിച്ചതെന്നും അറിയിച്ചിട്ടുണ്ട്. മറുപടിയും അതോടൊപ്പം സമർപ്പിച്ച ചെലവു വൌച്ചറുകളും പരിശോധിച്ചതിൽ പണം മാലിന്യം നീക്കം ചെയ്യാനായി ഉപയോഗിച്ചതായി ബോധ്യപ്പെട്ടെങ്കിലും മാലിന്യം നീക്കം ചെയ്യാനായി സ്വീകരിച്ച നടപടിക്രമം സുതാര്യമല്ല. ഈ ആവശ്യത്തിനായി പ്രോജക്ട് തയ്യാറാക്കി നടപടിക്രമങ്ങൾ പാലിച്ചായിരുന്നു എം.സി.എഫിലെ മാലിന്യം നീക്കം ചെയ്യേണ്ടിയിരുന്നത്. പഴയ പഞ്ചായത്ത് ഓഫീസ് പരിസരത്തും നാഷണൽ ഹൈവേ ഓരത്തും കുമ്പാരമായി കിടന്ന മാലിന്യം നീക്കംചെയ്യേണ്ടത് അത്യാവശ്യമായതിനാലാണ് പണം വിനിയോഗിച്ചത് എന്ന മറുപടി അംഗീകരിക്കുന്നു. ഭാവിയിൽ ഇത്തരം അപാകതകൾ ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1- 28 മരുന്നുകൾ സമയബന്ധിതമായി ലഭ്യമാക്കിയില്ല.

പ്രോജക്റ്റ് നം 39/21

ബിൽ നം 4810/8.01.21 തുക- 173000/-(പൊതു.വികസനഫണ്ട്)

ഒഞ്ചിയം പി.എച്ച്.സി. മെഡിക്കൽ ഓഫീസർ നടപ്പാക്കിയ 'പെയിൻ ആന്റ് പാലിയേറ്റീവ് കെയർ പദ്ധതി' എന്ന പ്രോജക്ട് പ്രകാരം കേരള മെഡിക്കൽ സർവ്വീസ് കോർപ്പറേഷന്റെ പി.ആർ.എഫ്- 3698/27.11.20എന്ന പ്രൈഫോർമ ഇൻവോയ്സ് അനുസരിച്ച് 173000/- രൂപ മരുന്ന് വാങ്ങുന്നതിനായി 8.01.21 ന് അടവാക്കിയിട്ടുണ്ട്. എന്നാൽ നാളിതുവരെയും മരുന്നുകൾ പൂർണ്ണമായും ലഭിച്ചിട്ടില്ല. 151887/- രൂപയുടെ മരുന്നുകൾ ലഭ്യമായിട്ടുണ്ട്. ബാക്കി 21113/-രൂപയുടെ മരുന്നുകൾ ഇതുവരെയും ലഭിച്ചിട്ടില്ല.

സർവ്വീസ് കോർപ്പറേഷനുമായി എഗ്രിമെന്റ് വെച്ചതായി കാണുന്നില്ല. പദ്ധതികാലയളവിലെ അവസാനകാലത്താണ് പണം അടവാക്കിയിട്ടുള്ളത്. പണം അടവാക്കി ഒരു വർഷം കഴിഞ്ഞിട്ടും മരുന്ന് ലഭിക്കാത്തതിനും സ്ഥാപനവുമായി കരാർ ചമക്കാത്തത് സംബന്ധിച്ചും വിശദീകരണം ലഭ്യമാക്കേണ്ടതാണെന്ന് കാണിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (11/9.06.22) മറുപടി ലഭ്യമാക്കിയിട്ടില്ല. മരുന്ന് ലഭ്യമാക്കി ഇൻവോയ്സ് സഹിതം മറുപടി ലഭ്യമാക്കേണ്ടതാണ്. 21113/-രൂപയുടെ ചെലവു തടസ്സത്തിൽ വെക്കുന്നു.

## 1-29 പൊളിച്ചുമാറ്റാൻ പാകത്തിലുള്ള പ്രാഥമികാരോഗ്യ കേന്ദ്രം കെട്ടിടം റി വയറിങ്ങ് നടത്തി വികസന ഫണ്ട് പാഴാക്കി

നിർവ്വഹണ ഉദ്യോഗസ്ഥൻ - സെക്രട്ടറി

പദ്ധതി - എസ്.ഒ 147/21(സ്പിൽ ഓവർ)

ചെലവ് തുക - 199227(വികസന ഫണ്ട്)

ബിൽ നമ്പർ തിയ്യതി -707839/09.11.20

മടപ്പള്ളി പി.എച്ച്.സി പഴയ കെട്ടിടം റി വയറിംഗ് നടത്തുന്നതിനാണ് ഈ പദ്ധതി നടപ്പിലാക്കിയിട്ടുള്ളത്. ടെണ്ടർ പ്രകാരം ശ്രീ.പി.കെ ദാസൻ എന്ന കരാറുകാരനാണ് പ്രവൃത്തി 20.3.20 ന് (എം.ബുക്ക് 101/19-20 പൂർത്തിയാക്കിയത്. പൊട്ടി പൊളിഞ്ഞ് ഉപയോഗ യോഗ്യമല്ലാത്ത ഈ കെട്ടിടത്തിൽ റീ വയറിങ്ങ് നടത്തിയത് പാഴ്ച്ചെലവായി തീർത്തിരിക്കുകയാണ്. ഈ കെട്ടിടം പൊളിച്ചുമാറ്റി പുതിയ കെട്ടിടം നിർമ്മിക്കാൻ പദ്ധതി ആരംഭിച്ചിരിക്കുകയാണ്. 34 വർഷത്തോളം കാലപ്പഴക്കമുള്ള മേൽ കെട്ടിടം കാലപ്പഴക്കം കാരണവും ചോർച്ച കാരണവും പല ഭാഗങ്ങളിലും കോൺക്രീറ്റ് അടർന്ന അവസ്ഥയിലാണ്. മേൽക്കൂര ദ്രവിച്ച് മഴവെള്ളം കെട്ടിടത്തിന്റെ ചുമരിലേക്ക് ഇറങ്ങുന്ന അവസ്ഥയിലുള്ള കെട്ടിടത്തിലാണ്, അതായത് പൊളിച്ച മാറ്റേണ്ട അവസ്ഥയിലുള്ള കെട്ടിടത്തിലാണ് റി വയറിങ്ങ് നടത്തി ഫണ്ട് പാഴാക്കിയിട്ടുള്ളത്. 15.7.21 ന് ഒഞ്ചിയം ഗ്രാമപഞ്ചായത്ത് അസിസ്റ്റന്റ് എഞ്ചിനീയർ പരിശോധന നടത്തി കെട്ടിടം സ്ട്രക്ച്ചറിലി അൺഫിറ്റ് ആണെന്ന് സാക്ഷ്യപ്പെടുത്തിയിട്ടുണ്ട്. പൊളിച്ച മാറ്റാൻ പാകത്തിലായ കെട്ടിടത്തിൽ റീ വയറിംഗിനായി പദ്ധതി തയ്യാറാക്കിയ വർക്കിങ്ങ് ഗ്രൂപ്പ് വീഴ്ച വരുത്തിയിട്ടുണ്ട്.

അപാകതയ്ക്ക് വിശദീകരണം ലഭ്യമാക്കുന്നതിന് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് ( നം. 23 /2020 -21 9.06.2022 ) മറുപടി ലഭ്യമാക്കിയിട്ടില്ല. തൃപ്തികരമായ മറുപടി രേഖകൾ സഹിതം ലഭ്യമാക്കുന്നത് വരെ 199227 രൂപയുടെ ചെലവ് തടസ്സത്തിൽ വയ്ക്കുന്നു.

## 1-30 റെയിൽവേ ലവൽ ക്രോസിംഗ് -മെയിന്റനൻസ് ചാർജ്ജ് സർക്കാർ ഗ്രാന്റ് കുടിശ്ശിക

റെയിൽവേ ലവൽ ക്രോസിംഗ് -മെയിന്റനൻസ് ചാർജ്ജ് സർക്കാർ ഗ്രാന്റ് കുടിശ്ശിക

2020 -21 സാമ്പത്തിക വർഷത്തിൽ റെയിൽവേ ലവൽ ക്രോസിംഗ് (LCNo- 216Aat Km 718/600-700 SE/PW/QLD)- മെയിന്റനൻസ് ചാർജ്ജിനത്തിൽ 25,96,106/-രൂപ സതേൺ റയിൽവേ പാലക്കാട് സിനീയർ ഡിവിഷണൽ ഫിനാൻസ് മാനേജർക്ക് കൈമാറിയിട്ടുണ്ട്.(വൗച്ചർ നമ്പർ -22001101/31 /03/21). മേൽ വിഷയവുമായി ബന്ധപ്പെട്ട് ലഭ്യമായ വിവരം ചുവടെ ചേർക്കുന്നു.

ഗ്രാമപഞ്ചായത്തിലെ കണ്ണൂക്കരയിലെ ലെവൽ ക്രോസ് മെയിന്റനൻസ് ചാർജ്ജിനത്തിൽ 2018-19 വർഷത്തെ തുകയായ 2596106/-രൂപ സതേൺ റയിൽവേ പാലക്കാട് സീനിയർ ഡിവിഷണൽ ഫിനാൻസ് മാനേജർക്ക് അടവാക്കുന്നതിന് 28.09.2019 ലെ 7/153/2019(28.09.2019) ലെ ഭരണസമിതി യോഗം തീരുമാനിച്ചു. ലെവൽ ക്രോസ് മെയിന്റനൻസിന് റെയിൽവേയ്ക്ക് അടവാക്കുന്ന തുകയുടെ 50 ശതമാനം സംസ്ഥാന സർക്കാർ കരാറുടമ്പടി പ്രകാരം ഗ്രാമപഞ്ചായത്തിന് അനുവദിക്കേണ്ടതുണ്ട്.

എന്നാൽ സംസ്ഥാന സർക്കാർ വിഹിതം കൃത്യമായി ലഭിക്കുന്നില്ല എന്ന് യോഗം വിലയിരുത്തിയിട്ടുണ്ട്. ഇതു സംബന്ധിച്ച് നിരവധി തവണ പഞ്ചായത്ത് ഡയറക്ടർക്കും ഗവൺമെന്റിനും കത്ത് നൽകിയിരുന്നുവെങ്കിലും ഭീമമായ തുക കുടിശ്ശികയായിട്ടുണ്ടെന്നും, ആയത് ലഭിക്കുന്നതിന് ഗ്രാമപഞ്ചായത്ത് പ്രസിഡണ്ടിന്റെ നേതൃത്വത്തിൽ നിവേദക സംഘത്തെ അയയ്ക്കുന്നതിനും മേൽ ഭരണസമിതി യോഗത്തിൽ തീരുമാനിച്ചിരുന്നു.

സതേൺ റയിൽവേ പാലക്കാട് സിനീയർ ഡിവിഷണൽ ഫിനാൻസ് മാനേജറുടെ 08.12.2021 ലെ W98/PGT/X2/LC216A നമ്പർ കത്ത് പ്രകാരം 2020-21 വർഷത്തെ ലെവൽ ക്രോസ് മെയിന്റനൻസ് ചാർജ്ജിനത്തിൽ 27,63,094/-രൂപ അടവാക്കുന്നതിന് ആവശ്യപ്പെട്ടിട്ടുണ്ട്. എന്നാൽ പ്രസ്തുത തുക കൈമാറിയതിന്റെ വിവരം ലഭ്യമല്ല. ഗ്രാമപഞ്ചായത്ത് സെക്രട്ടറി പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ മുഖേന ബഹു.പഞ്ചായത്ത് ഡയറക്ടർക്ക് നൽകിയ കത്ത് (എ4-3036/21 തീയതി 19/04/2021) പ്രകാരം 2020-21 സാമ്പത്തിക 10144639/-രൂപ ഗ്രാന്റിനത്തിൽ അഡ്ജസ്റ്റ് ചെയ്തതായി രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ പ്രസ്തുത തുക ഗ്രാമപഞ്ചായത്തിൽ വരവ് വന്നത് വാർഷിക കണക്ക് പ്രകാരവും, ബാങ്ക് അക്കൗണ്ട്സ് സ്റ്റേറ്റ്മെന്റ് പ്രകാരവും വ്യക്തമല്ല. കൂടാതെ മേൽ കത്തിൽ 1,18,944/-രൂപ ഗ്രാമപഞ്ചായത്തിന് സംസ്ഥാന സർക്കാർ നൽകാനുള്ളതായി പരാമർശിച്ചിട്ടുണ്ട്. (കത്തിനോടൊപ്പം ഉള്ളടക്കം ചെയ്ത പെർഫോർമ പ്രകാരം) 1,01,44,639/-രൂപയും 1,18,944/-രൂപയും ഗ്രാമപഞ്ചായത്തിന് സംസ്ഥാന സർക്കാരിൽ നിന്ന് ലഭ്യമായിട്ടുണ്ടെങ്കിൽ ആയതിന്റെ വിവരവും, തുടർവർഷങ്ങളിൽ മെയിന്റനൻസ് ചാർജ്ജിനത്തിൽ തുക കൈമാറുമ്പോൾ മുൻവർഷങ്ങളിൽ ലഭിക്കാനുള്ള അർഹമായ ഗ്രാന്റ് തുക ലഭിച്ചു എന്ന് ഉറപ്പ് വരുത്തേണ്ടതാണ്.

## 1-31 ഓഡിറ്റ് ഇംപാക്ട്- പോട്ടിംഗ് മിശ്രിതം നിറച്ച മൺചട്ടി-യൂണിറ്റ് കോസ്റ്റിനേക്കാൾ അധികം നൽകിയ തുക തിരിച്ചടവാക്കി.

| | | |
|---|---|---|
| പ്രോജക്ടിന്റെ പേര്,നം. | പച്ചക്കറികൃഷി മട്ടുപ്പാവിലും മുറ്റത്തും പോട്ടിംഗ് മിശ്രിതം നിറച്ചത് 13/21 | പച്ചക്കറികൃഷി മട്ടുപ്പാവിലും മുറ്റത്തും പോട്ടിംഗ് മിശ്രിതം നിറച്ചത് 138/21(SO) |
| വകയിരുത്തിയ തുക | 229200/--(പൊതു വി.ഫണ്ട്)<br>1200 (തനത് ഫണ്ട്)<br>57600/-(ഗ്ര.വിഹിതം) | 87000/--(പൊതു വി.ഫണ്ട്)<br>57600/-(ഗ്ര.വിഹിതം) |
| ചെലവുതുക, ചെക്ക് നം. , | 142200/--( 4111/15.3.21) | 30600/-(1374 /8.10.21) |

| | | |
|---|---|---|
| തിയ്യതി | 1200/-(22001090 /30.3.21) | 56400/-(5136 /3.11.21)<br>57600/- ( 22100604 /27.9.21) |
| നിർവ്വഹണോദ്യോഗസ്ഥൻ | കൃഷി ഓഫീസർ | |

മേൽ പ്രോജക്ട് പ്രകാരം 1440 പോട്ടിംഗ് മിശ്രിതം നിറച്ച മൺചട്ടികൾ ഓഡിറ്റ് വർഷം കാർഷിക കർമ്മസേനയിൽ നിന്നും വാങ്ങി വിതരണം ചെയ്തിട്ടുണ്ട്. വിശദാംശം താഴെ കൊടുക്കുന്നു.

| ബിൽനം.തിയ്യതി | ചട്ടിയുടെ എണ്ണം | തുക |
|---|---|---|
| 47/6.3.21 | 79x15x160 | 189600 |
| 48/24.3.21 | 17x15x160 | 40800 |
| 50/25.3.21 | 96x15x40 | 57600 |
| Total | 1440 | 288000/- |

15.07.20 (No.41680/2017/DPO/KKD)ന് ചേർന്ന വ്യക്തിഗത ആനുകൂല്യങ്ങൾക്ക് യൂണിറ്റ്കോസ്റ്റ് നിശ്ചയിക്കുന്നതിനുള്ള ജില്ലാതലസമിതി യോഗത്തിന്റെ നടപടി ക്രമപ്രകാരം 10 ഇഞ്ച് വലുപ്പമുള്ള പോട്ടിംഗ് മിശ്രിതം നിറച്ച് തയ്യാർ ചെയ്ത മൺചട്ടിക്ക് 160/-രൂപയാണ് വില. എന്നാൽ മേൽ ബില്ലുകൾ പ്രകാരം വാങ്ങിയ ചട്ടികൾക്ക് 200/-രൂപ പ്രകാരം 288000/-രൂപ ഈടാക്കിയതായി കാണുന്നു. 160/-രൂപ പ്രകാരം 230400/-നൽകേണ്ടതിനു പകരം 288000/-രൂപ നൽകുക വഴി 57600/-രൂപ അധികം ചെലവഴിച്ചിട്ടുണ്ട്.

അപാകതക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് 13.06.22 ന് OKB2/22-23 നമ്പർ കത്ത് പ്രകാരം കൃഷിഓഫീസർ ലഭ്യമാക്കിയ മറുപടിയിൽ അധികം നൽകിയ തുകയായ 57600/-രൂപ 13.6.22ന് ഗ്രാമപഞ്ചായത്തിൽ 1220300608G/110104 നമ്പർ രശീതി പ്രകാരം അടവാക്കിയതായി അറിയിച്ചിട്ടുണ്ട്. ഓഡിറ്റ് നിർദ്ദേശം നടപ്പാക്കുന്നതിൽ കൃഷി ഓഫീസറുടെ ഭാഗത്തുനിന്നുള്ള സമയബന്ധിതമായ നടപടി മാതൃകാപരമാണ്. ഭാവിയിൽ ഇത്തരം അപാകതകൾ ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതും പ്രസ്തുത തുക കൺസോളിഡേറ്റഡ് ഫണ്ടിലേക്ക് തിരിച്ചടച്ച് വിവരം അറിയിക്കേണ്ടതുമാണ്.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

### 3-1 മാർഗ്ഗരേഖയ്ക്ക് വിരുദ്ധമായി പദ്ധതി തയ്യാറാക്കി നടപ്പിലാക്കി- 106500 രൂപ അധികം ചെലവഴിച്ചു

നിർവ്വഹണ ഉദ്യോഗസ്ഥൻ - വെറ്ററിനറി സർജൻ

പ്രൊജക്റ്റ് - 12/21 മുട്ടക്കോഴി വിതരണം (വനിത)

ചെലവ് തുക - 213000

ബിൽ നമ്പർ തിയ്യതി -48711/25.2.21

367 ഗുണഭോക്താക്കൾക്ക് 45-60 ദിവസം പ്രായമുള്ള 5 വീതം കോഴികളെ 100% സബ്സിഡിയിൽ വിതരണം ചെയ്യുന്നതിനാണ് പദ്ധതി നടപ്പിലാക്കിയിട്ടുള്ളത് . ഒരു അംഗീകൃത എഗ്ഗർ നഴ്സറിയിൽ നിന്ന് 120രൂപ വിലയുള്ള 1775 കോഴികളെ വാങ്ങി പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്. ജി.ഒ(എം.എസ്) 22/2018 /ത.സ്വ.ഭ.വ/ 14.2.2018 പ്രകാരമുള്ള സബ്സിഡി മാർഗ്ഗരേഖ ഖണ്ഡിക 6-2-7 പ്രകാരം മുട്ടക്കോഴികൾ വിതരണം ചെയ്യുന്ന പദ്ധതികൾക്ക് സബ്സിഡി നിരക്കിന്റെ
ഉയർന്ന പരിധി പൊതു വിഭാഗത്തിന് 50% വും പട്ടികജാതി വിഭാഗത്തിന് 75% വും പട്ടികവർഗ്ഗ വിഭാഗത്തിന് 100% വും ആണ്. എന്നാൽ ജനറൽ വിഭാഗത്തിനായി നടപ്പിലാക്കിയിട്ടുള്ള ഈ പദ്ധതിയിൽ 100 % സബ്സിഡി അനുവദിച്ചുകൊണ്ടാണ് പദ്ധതി തയ്യാറാക്കി നടപ്പിലാക്കിയിട്ടുള്ളത്. ഗുണഭോക്തൃ വിഹിതം പിരിക്കാതെ മുഴുവൻ തുകയും അനുവദിച്ചതുമൂലം ഈ പദ്ധതിയിൽ 106500 രൂപ അധികം ചെലവഴിക്കേണ്ടി വന്നു. എസ്.സി. വിഭാഗക്കാർക്ക് മുട്ടക്കോഴി വിതരണത്തിനായി നടപ്പിലാക്കിയ 150/21 നമ്പർ പ്രകാരമുള്ള പദ്ധതിയിൽ 25% ഗുണഭോക്തൃ വിഹിതം ഗുണഭോക്താക്കളിൽ നിന്ന് പിരിച്ചെടുത്താണ് പദ്ധതി നടപ്പിലാക്കിയിട്ടുള്ളത്.

അപാകതയ്ക്ക് വിശദീകരണം ലഭ്യമാക്കുന്നതിന് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് ( നം. 24 /2020 -21 9.06.2022 ) മറുപടി ലഭ്യമാക്കിയിട്ടില്ല. 106500 രൂപയുടെ ചെലവ് ഓഡിറ്റിൽ അംഗീകരിക്കുന്നില്ല. പഞ്ചായത്തിനുണ്ടായ നഷ്ടം നികത്താൻ 106500 രൂപ ഉത്തരവാദിയായ ഉദ്യോഗസ്ഥനിൽ നിന്നും ഈടാക്കി പഞ്ചായത്തിൽ അടവാക്കേണ്ടതാണ്.

### 3-2 ഉപയോഗ യോഗ്യമല്ലാത്ത കമ്പ്യൂട്ടറുകൾക്ക് AMC- പാഴ് ചെലവ്

നിർവ്വഹണ ഉദ്യോഗസ്ഥൻ - സെക്രട്ടറി

പദ്ധതി - എസ്.ഒ 14/21 ഗ്രാമ പഞ്ചായത്തിലെ കമ്പ്യൂട്ടർ സർവർ അനുബന്ധ ഉപകരണങ്ങൾക്ക് എ.എം.സി

ചെലവ് തുക - 61183 ( തനത് ഫണ്ട് )

ബിൽ നമ്പർ തിയ്യതി -200012,13/30.09.20

ഗ്രാമപഞ്ചായത്തിലെ 5 കമ്പ്യൂട്ടറുകൾ, 2 പ്രിന്ററുകൾ, 1 ഫോട്ടോകോപ്പിയർ എന്നിവയ്ക്ക് എ.എം.സി എടുക്കുന്നതിനാണ് ഈ പദ്ധതി നടപ്പിലാക്കിയിട്ടുള്ളത് . 23.9.20 മുതൽ 22.9.21 വരെയുള്ള

കാലയളവിലേക്ക് വാർഷിക മെയിന്റനൻസ് നടത്തുന്നതിനാണ് കെൽട്രോണുമായി കരാറിൽ ഏർപ്പെട്ട് തുക അനുവദിച്ചിട്ടുള്ളത്. ഈ പദ്ധതിയിൽ എ.എം.സി എടുത്തിട്ടുള്ള താഴെ പറയുന്ന 4 കമ്പ്യൂട്ടറുകൾ ഉപയോഗയോഗ്യമല്ല എന്ന സാക്ഷ്യപത്രത്തിന്റെ അടിസ്ഥാനത്തിൽ ഡിസ്പോസ് ചെയ്തിട്ടുണ്ട്. 5 ഡെസ്ക് ടോപ്പ് കമ്പ്യൂട്ടറുകൾ ഉപയോഗയോഗ്യമല്ലെന്ന് കോഴിക്കോട് പൊതുമരാമത്ത് വകുപ്പ് ഇലക്ട്രിക്കൽ വിഭാഗം 9.2.21 ൽ S 21/02/21 പ്രകാരം സാക്ഷ്യപ്പെടുത്തി ഡിസ്പ്പോസ് ചെയ്യാൻ അനുവാദം ലഭിച്ചതിന്റെ അടിസ്ഥാനത്തിൽ 5 പുതിയ കമ്പ്യൂട്ടറുകൾ വാങ്ങുന്നതിന് പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്(185/19-20). ഈ പദ്ധതി പ്രകാരം AMC എടുത്തിട്ടുള്ളതും ഡിസ്പ്പോസ് ചെയ്തതുമായ കമ്പ്യൂട്ടറുകളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | കമ്പ്യൂട്ടർ | എ.എം സി ക്ക് ചെലവഴിച്ച തുക |
|---|---|---|
| 1 | Desk Top INA 8290 FBL | 3500 |
| 2 | Desk Top INA 8290 FBk | 3500 |
| 3 | Desk Top 12 IANL 7930307 | 3500 |
| 4 | Desk Top 12 IANL 79300270 | 3500 |
| | ആകെ | 14000 |

അപാകതയ്ക്ക് വിശദീകരണം ലഭ്യമാക്കുന്നതിന് നൽകിയ ഓഡിറ്റ് എൻക്വയറി യ്ക്ക് (നം. 17/2020 -21 09.06.2022 ) മറുപടി ലഭ്യമാക്കിയിട്ടില്ല. എ.എം.സി നിലവിലുള്ള കമ്പ്യൂട്ടറുകൾ കരാർ സ്ഥാപനവുമായി ബന്ധപ്പെട്ട് റിപ്പയർ ചെയ്ത് ഉപയോഗിക്കുന്നതിന് പകരം കമ്പ്യൂട്ടറുകൾ ഡിസ്പോസ് ചെയ്ത് പുതിയ കമ്പ്യൂട്ടറുകൾ വാങ്ങിയതിനാൽ എ.എം.സി യ്ക്കായി ചെലവഴിച്ചത് അനാവശ്യവും പാഴ് ചെലവുമാണ്. ചെലവ് തുക ഉത്തരവാദിയായവരിൽ നിന്ന് ഈടാക്കി പഞ്ചായത്തിൽ അടവാക്കേണ്ടതാണ്.

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തിയ്യതി | സർട്ടിഫിക്കറ്റ് നം./ തിയ്യതി |
|---|---|---|
| 2020-21 | ഓഡിറ്റ് കാലയളവ് | ഇതേ നമ്പർ സർട്ടിഫിക്കറ്റ് |

### 4-2 സംയുക്ത പ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രൊജക്ടിന്റെ പേര് | ചെലവ് |
|---|---|---|---|---|

| | | | | |
|---|---|---|---|---|
| സ്ഥാപനം | | | | |
| ബ്ലോക്ക് പഞ്ചായത്ത് | 2020-21 | 200000 | ഭിന്നശേഷിയുള്ളവർക്ക് സ്കോളർഷിപ്പ് | 200000 |
| | 2020-21 | 292528 | ക്ഷീരകർഷകർക്ക് മിൽക്ക് ഇൻസെന്റീവ് | *292528* |
| | | 492528 | | 492528 |
| ജില്ലാ പഞ്ചായത്ത് | 2020-21 | 12000 | പച്ചക്കറികൃഷി കൂലിചെലവ് | 12000 |
| | 2020-21 | 20000 | സുഫലം -ഫല വൃക്ഷ തൈകൾ | 20000 |
| | 2020-21 | 40000 | ലൈഫ് ഭവനപദ്ധതി | 40000 |
| | 2020-21 | 387500 | ഭിന്നശേഷിയുള്ളവർക്ക് സ്കോളർഷിപ്പ് | 387500 |
| | | 459500 | | 459500 |

4-3 നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

ഇല്ല

4-4 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഇല്ല

4-5 വായ്പ / വായ്പാതിരിച്ചടവ്

ഇല്ല

4-6 സ്ഥിര നിക്ഷേപം

ഇല്ല

4-7 ഓഡിറ്റ് റിക്കവറി

ഓഡിറ്റ് റിക്കവറിയിനത്തിൽ തൻവർഷം ലഭിച്ച 150/- രൂപയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| റിപ്പോർട്ട് വർഷം | ഭാഗം/ ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും | രശീത് നമ്പർ തിയ്യതി |
|---|---|---|---|---|
| 2019-20 | 3/19-20 | 150 | അമൽ രാജ്. എം.സി, സൈറ്റ് എഞ്ചിനീയർ | 120210102093 09/03/2021 |

## 4-8 സമാഹൃത ഓഡിറ്റ് റിപ്പോർട്ട്

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23 വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 1997-98 | | 2001-2002 | 11.9 | കാർഷികോപകരണങ്ങൾ വാങ്ങിയതിലും വിതരണം ചെയ്തതിലും ക്രമക്കേടും ധനനഷ്ടവും | സർക്കാർ സാധൂകരണം വാങ്ങിയിട്ടില്ലാത്തതിനാൽ നഷ്ടം സെക്രട്ടറി യിൽ നിന്നും ഈടാക്കാൻ ശുപാർശ |
| 2000-01 | 1-3 | 2004-05 | 11.1.2.3 | ബജറ്റ് | ലഭ്യമല്ല |

| | | | | | |
|---|---|---|---|---|---|
| | | | | പാസ്സാക്കി യതായി മിനുട്സിൽ രേഖപ്പെടു ത്തിയിട്ടില്ല | |
| 2001-02 | | 2004-05 | 11.1.3.25 | നികുതി പിരിവിൽ അലംഭാവം കുടിശ്ശിക പെരുകുന്നു. | ലഭ്യമല്ല |
| 2001-02 | | 2004-05 | 11.1.3.46 | നികുതി പിരിവിൽ അലംഭാവം കുടിശ്ശിക പെരുകുന്നു | ലഭ്യമല്ല |
| 2001-02 | 1-1 | 2004-05 | 11.1.2.4 | ബജറ്റ് തയ്യാറാക്കി അംഗീകരി ച്ചിട്ടില്ല. | ലഭ്യമല്ല |
| 2001-01 | 4 | 2003-04 | 11.13.1.27 | കട നിർമ്മാണ പരിശീലനം | പരാമർശം ഒഴിവാക്കി. കെ.എസ്.എ. കെ.കെ.ഡി. എസ്.1/559(17) 22/12.4.22 |
| 2014-15 | 2-1 | 2016-17 | അനുബന്ധം 4 | തൊഴിൽ നികുതി അപാകതകൾ | ലഭ്യമല്ല |
| 2015-16 | 2-4 | 2016-17 | അനുബന്ധം 5 | തൊഴിൽ നികുതി അപാകതകൾ | ലഭ്യമല്ല |

4-9 ചാർജ് /സർചാർജ് നടപടികളുടെ വിവരം

(എ) ചാർജ് നടപടി വഴി ഈടാക്കിയ തുക

-ഇല്ല-

(ബി)സർചാർജ് നടപടി വഴി ഈടാക്കിയ തുക

-ഇല്ല-

4-10 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 70803064 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 67118133 |
| വരവിനങ്ങളിലുള്ള നഷ്ടം | - |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 120500 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 1532861 |

(ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 3-1 | - | 106500 | ഡോ. സിനി. പി,<br>വെറ്ററിനറി സർജൻ |
| 3-2 | - | 14000 | ശ്രീ. രാജീവൻ. ടി, സെക്രട്ടറി |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-16 | 55863 | ശ്രീമതി.ലിമിന.എ.ടി,<br>ഐ.സി.ഡി.എസ് സൂപ്പർവൈസർ |
| 1-18 | 56000 | ശ്രീ. രാജൻ. കെ.എം,<br>അസിസ്റ്റന്റ് സെക്രട്ടറി |
| 1-19 | 170000 | ശ്രീ. രാജീവൻ. ടി,<br>സെക്രട്ടറി,<br>ഡോ. ഹരീഷ്. ഡി. ആർ ,<br>മെഡിക്കൽ ഓഫീസർ(പി. എച്ച്.സി) |
| 1-22 | 101232 | ശ്രീ. രാജീവൻ. ടി,സെക്രട്ടറി |
| 1-23 | 600000 | ശ്രീമതി.ദീപ.ഇ,<br>വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ |

| | | |
|---|---|---|
| 1-25 | 56000 | ശ്രീമതി.ലിമിന.എ.ടി ,ഐ.സി.ഡി.എസ് . സൂപ്പർ വൈസർ |
| 1-26 | 165426 | ഡോ. ഹരീഷ്. ഡി. ആർ, മെഡിക്കൽ ഓഫീസർ(പി. എച്ച്.സി) |
| 1-28 | 21113 | ഡോ. ഹരീഷ്. ഡി. ആർ, മെഡിക്കൽ ഓഫീസർ(പി. എച്ച്.സി) |
| 1-29 | 199227 | ശ്രീ. രാജീവൻ. ടി,സെക്രട്ടറി |
| 1-17 | 108000 | ഡോ. സിനി. പി, വെറ്ററിനറി സർജൻ |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

-ഇല്ല-

(ഡി)നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

-ഇല്ല-

ഇ) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ഡോ.സിനി. പി, വെറ്ററിനറി സർജൻ | വെറ്ററിനറി സർജൻ, വെറ്ററിനറി ഡിസ്പെൻസറി,വടകര | കമലേഷ് നിലയം, നട്ട് സ്ലീറ്റ് ,വടകര |
| ശ്രീമതി.ലിമിന.എ.ടി ഐ.സി.ഡി.എസ് . സൂപ്പർ വൈസർ | ഐ.സി.ഡി.എസ് . സൂപ്പർ വൈസർ, കോഴിക്കോട് അർബൻ I ICDS | H.No.65/899 കാരാട്ട് ഹൌസ്, വെസ്റ്റ് നടക്കാവ്, |
| ശ്രീ. രാജീവൻ. ടി,സെക്രട്ടറി | സെക്രട്ടറി(വിരമിച്ചു) | തയ്യുള്ളതിൽ, ചോറോട്.പി.ഒ,673106 |
| ശ്രീ. രാജൻ. കെ.എം, അസിസ്റ്റന്റ് സെക്രട്ടറി | അസിസ്റ്റന്റ് സെക്രട്ടറി (വിരമിച്ചു) | നീലാംബരി,പൊന്മേരി പറമ്പിൽ,വില്ല്യാപ്പള്ളി-673542 |
| ഡോ. ഹരീഷ്. ഡി. | അസിസ്റ്റന്റ് സർജൻ, | സായ്സദൻ, അവടുക്ക്, |

| | | |
|---|---|---|
| ആർ,<br>മെഡിക്കൽ ഓഫീസർ (പി. എച്ച്.സി) | പി. എച്ച്.സി, മടപ്പള്ളി | പന്തിരിക്കര-673528 |
| ശ്രീമതി.ദീപ.ഇ,<br>വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ,<br>മണിയൂർ പഞ്ചായത്ത് | വൈഷ്ണവം ഹൌസ്,പുതുപ്പണം(പി.ഒ), വടകര |

## 4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് റിപ്പോർട്ട് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിട പാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം | റിമാർക്സ് |
|---|---|---|---|
| 2007-08 | എൽ.എഫ്.കെ.കെ.ഡി/ പി5/1186/12 തീ.28/07/2012 | 22 | 2-1,2-2,2-3, 2-4, 2-5,<br>3-1,3-2, 3-3,<br>3-4, 3-5(a),<br>3-5(b), 3-6, 3-7,<br>3-8, 3-9,<br>3-10, 3-11, 3-12,<br>3-13, 3-15,<br>3-16, 3-17 |
| 2008-09 | എൽ.എഫ്.കെ.കെ.ഡി.പി11/ 951/14 തീ.10/10/14 | 7 | 2(2), 3(1), 3(8),<br>3(6)1, 2,3,3(7) |
| 2009-10 | എൽ.എഫ്.കെ.കെ.ഡി.പി5/ 137/14 തീയതി-6-3-14 | 14 | 2(4)(5), 3(1),<br>3(2), 3(6), 3(7),<br>3(8), 3(9), 3(10,<br>3(11), 3(12),<br>3(13),<br>3(14), 3(20) |
| 2010-11, 2011-12 | എൽ.എഫ്.കെ.കെ.ഡി.പി5/ 1718/13 തീയതി-2-1-14 | 19 | 2-1, 2-2, 3-1,<br>3-2, |

| | | | |
|---|---|---|---|
| | | | 3-3,3-4, 3-5, 3-6, 3-7, 3-8, 3-9, 3-10, 3-12, 3-14, 3-15, 3-16,3-17, 3-18, 3-19 |
| 2012-13, 2013-14 | കെ.എസ്.എ.കെ.കെ.ഡി/പി5/ 1422/15 തീയതി 23.11.15 | 19 | 2-1, 3-1, 3-2, 3-3, 3-4, 3-5 , 3-6, 3-7, 3-8, 3-9, 3-10,3-11, 3-12, 3-19,3-14, 3-15, 3-16,4-3, 4-10 |
| 2014-15 | കെ.എസ്.എ.കെ.കെ.ഡി/പി5/ 1031/16 തീയതി 17.6.16 | 15 | 2-1, 2-2, 2-3, 3-1, 3-2, 3-3, 3-4, 3-6, 3-7,3-8, 3-10, 3-11 , 3-12, 3-13, 3-14 |
| 2016-17 | കെ.എസ്.എ.കെ.കെ.ഡി/പി5/ 2047/17 തീയതി 22.03.18 | 23 | 2-1(1)(4)(9), 2-1, 2-3,2-4, 2-5(5), 2-5(6,7), 2-6, 2-7,3-1, 3-2, 3-3, 3-4, 3-5, 3-6, 3-7, 3-8, 3-10, 3-11, 3-15,3-16, 3-17 |
| 2016-17 | കെ.എസ്.എ.കെ.കെ.ഡി/പി5/ 397/19 തീയതി 30.03.19 | 18 | 1-12, 2-1, 2-2, 3-1, 3-2, 3-3, 3-4, 3-5, 3-6, 3-7, 3-8, 3-9, 3-10, 3-11, 3-12, 3-13, 3-14, 3-15 |
| 2017-18 | കെ.എസ്.എ.കെ.കെ.ഡി. പി6/1729/2019 തീ. 07.07.2020 | 27 | 1-10(7), 1-12(2), 1-12(3), 1-12(4), 1-12(5),1-12(7), 1-12(8), 2-1, 3-1, 3-3, 3-4, 3-5, 3-6, 3-7, 3-8-1, |

| | | | |
|---|---|---|---|
| | | | 3-8-3, 3-8-4, 3-8-5, 3-9, 3-10, 3-11-1, 3-11-2, 3-13, 3-14, 3-15, 4-1, 4-10 |
| 2018-19 | കെ.എസ്.എ.കെ.കെ.ഡി. പി6/1729/2019 തീ. 07.07.2020 | 19 | 1-8, 1-9, 1-10, 1-11, 1-12(1), 1-13, 1-14, 1-15(i), 1-15(ii), 1-15(iii), 1-15(iv), 1-15(v), 1-15(vi), 1-16, 1-18, 1-19, 1-20, 3-1, 3-2 |
| 2019-20 | കെ.എസ്.എ.കെ.കെ.ഡി. പി6/360/2022 തീ. 17.3.2022 | 10 | 1-2-1(5),1-2-1(14),(15),1-11(1),1-11(2), 1-11(3),1-12(2), 1-12(3),1-16,1-18 |

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ.)
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം,
കോഴിക്കോട്.

## അനുബന്ധം-1
## ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്‌രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്‌രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2020-2021 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ കോഴിക്കോട് ജില്ലയിലെ ഒഞ്ചിയം ഗ്രാമപഞ്ചായത്തിന്റെ 2020-2021-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)
ജില്ലാ ഓഡിറ്റ് കാര്യാലയം, കോഴിക്കോട്
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

കോഴിക്കോട് ജില്ലയിലെ ഒഞ്ചിയം ഗ്രാമപഞ്ചായത്തിന്റെ 2020-2021 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)
ജില്ലാ ഓഡിറ്റ് കാര്യാലയം, കോഴിക്കോട്
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്